
# മഷിപ്പച്ച

ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം

പുസ്തകം 4 ലക്കം 10 പേജുകൾ 38 ജനുവരി 2024



- കാടും കവിതയും
- കാർട്ടൂൺ കേരളം
- കവിത
- കഥ
- പുസ്തകപരിചയം









# എഡിറ്റേഴ്സ് പേജ്





ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com
email:
mashippachamasika@gmail.com
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കണ്ടന്റ് അഡ്വൈസർ:
**വി. യു. സുരേന്ദ്രൻ**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**




**അ**മ്മപതിപ്പായിരുന്നു കഴിഞ്ഞ ലക്കം. വിവിധ വിഭാഗങ്ങളിൽനിന്നും മികച്ച പ്രതികരണമാണ് അമ്മപതിപ്പിന് ലഭിച്ചത്. പ്രശസ്തരായ ചിലരും, 'അറിഞ്ഞിരുന്നെങ്കിൽ എഴുതുമായിരുന്നു' എന്ന ആഗ്രഹം പങ്കുവെച്ചതും ഇത്തരുണത്തിൽ സ്മരിക്കുന്നു. അമ്മ എന്ന നീറ്റലറിഞ്ഞവരും, കാലം ചെന്നിട്ടും ആ തലോടൽ മറക്കാത്തവരും ക്ഷമ എന്നാൽ അമ്മ എന്ന അർത്ഥം അകമേ പേറുന്നവരുമൊക്കെ അമ്മപതിപ്പിനെ സമ്പന്നമാക്കിയിരുന്നു. വർഷാന്ത്യപ്പതിപ്പ് അങ്ങനെ ഗൃഹസദസ്സുകളിലും ചർച്ചയായി.

പുതുവർഷത്തിലെ ആദ്യ ലക്കമാണ് പ്രസിദ്ധീകൃതമാകുന്നത്. 'കാടും പ്രകൃതിയും കവിതയിൽ' എന്ന ദർശനയുടെ ലേഖനം ഈ ലക്കത്തിലുണ്ട്. പ്രശസ്തരുടെ ചില രചനകൾ പഠനവിധേയമാക്കിയിട്ടുണ്ട് ഈ ലേഖനത്തിൽ. സുരേന്ദ്രൻ മങ്ങാട്ട്, ദിവ്യ സി.ആർ, ദർശന എന്നിവരുടെ കാമ്പുള്ള കഥകൾ, തുടർന്നുള്ള താളുകളെ സമ്പന്നമാക്കിയിരിക്കുന്നു. ബീന പി.ജി, വി.പി.ജോൺസ്, ഉഷ കെ. എന്നിവരുൾപ്പെടെ പതിനൊന്ന് കവിതകളും ചേർത്തിരിക്കുന്നു. ചാട്ടുളി എറിയുന്ന കാർട്ടൂൺകേരളം അടുത്ത പേജിലുണ്ട്.

അശോകേട്ടൻ ഒരുക്കുന്ന 'കുട്ടികളുടെ മഷിപ്പച്ച'യാണ് മറ്റൊരു ആകർഷണം. കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തുകവഴി, ഭാഷാ സാഹിത്യത്തോട് മുഖംതിരിക്കുന്ന പ്രവണതയിൽനിന്നും കുട്ടികളെ പിന്തിരിപ്പിക്കാൻ സാധിക്കുന്നു എന്നാണ് ഞങ്ങളുടെ വിശ്വാസം. അമ്മപതിപ്പ് പോലെ സ്മരിക്കപ്പെടുന്ന ചില വിശേഷലക്കങ്ങൾ പ്രസിദ്ധീകരിക്കുന്നത് ആലോചിക്കുന്നുണ്ട്. യഥാസമയം വിവരങ്ങൾ കൈമാറുന്നതായിരിക്കും. ഏവർക്കും പുതുവത്സരത്തിന്റെ മംഗളങ്ങൾ.

**-സി.ആർ.രാജൻ,**
എഡിറ്റർ

## കാർട്ടൂൺ കേരളം



എം.ആർ. ബാലചന്ദ്രൻ




## അകത്താളുകളിൽ

**കവിത**

ബീന പി.ജി. ...................... പേജ് 11
ഉഷ കെ. ........................... പേജ് 12
അനിതാദേവി, വേലന്താവളം .... പേജ് 13
യൂസഫ് നടുവണ്ണൂർ ............. പേജ് 14
കൃഷ്ണകുമാർ മാപ്രാണം ...... പേജ് 15
വി.പി.ജോൺസ് .................. പേജ് 16
ഡോ. അജയ് നാരായണൻ ..... പേജ് 17
ഡോ. രമ്യ രാജ് ആർ ............ പേജ് 18
കെ.സന്തോഷ് .................... പേജ് 19
ഷബ്ന അബൂബക്കർ ......... പേജ് 20
മുഹ്സിന ഇല്ലത്ത് ............... പേജ് 21

**ലേഖനം**

ദർശന ............................... പേജ് 22

**പുസ്തകപരിചയം**

സജന സന്തോഷ് ................. പേജ് 32
പ്രശാന്ത് എസ്.ആർ. ............ പേജ് 33

**കഥ**

സുരേന്ദ്രൻ മങ്ങാട്ട് ................ പേജ് 4
ദർശന ............................... പേജ് 6
ദിവ്യ സി.ആർ. ..................... പേജ് 9

**കാർട്ടൂൺ**

എം.ആർ.ബാലചന്ദ്രൻ ........... പേജ് 3

**കുട്ടികളുടെ മഷിപ്പച്ച** .. പേജ് 34

# അന്ധനീതിശാസ്ത്രങ്ങൾ



സുരേന്ദ്രൻ മങ്ങാട്ട്

**ചോദ്യം** പീഠത്തിനു മുന്നിൽ നിന്നിരുന്ന നീതിദേവതയുടെതായിരുന്നു,

'പുരോഹിതനാണ് അല്ലേ...?

' അതെ...'

വരളുന്ന തൊണ്ടയിലൂടെ അകത്തേക്ക് ഇറങ്ങിപ്പോകാൻ ശ്രമിക്കുന്ന നാക്കിനെ വരുതിയിലാക്കി വൃദ്ധൻ ഉച്ചരിച്ചു.

ദേവത കയ്യിലുയർത്തിയ തുലാസിന്റെ താളം നിയന്ത്രിച്ചുകൊണ്ട് ശബ്ദമുയർത്തി .

' പക്ഷേ വ്യവസ്ഥിതികളെ ചോദ്യം ചെയ്തു. അത് മതപരമായാലും മതേതരമായാലും നിയമവിരുദ്ധ സമരങ്ങൾക്ക് പ്രേരക ശക്തിയായി.'

വൃദ്ധൻ വലംകൈ ഉയർത്താൻ വിഫലമായി ശ്രമിച്ചു,

' ആദിവാസികൾക്ക് പ്രകൃതിയോടുള്ള ജീവിതം അസാധ്യമാക്കിയത് ആരാണ് ? നടപ്പാക്കാത്ത നിയമങ്ങളെപ്പറ്റി സംസാരിക്കുന്നത് വിമർശനം മാത്രം. അതു ഭരണഘടന തരുന്ന അവകാശമാണ്. നിയമവിരുദ്ധതയില്ല. '

വാക്കുകൾക്ക് അവസാനം വൃദ്ധൻ കിതച്ചു.

' ഭരണകൂടത്തിനെതിരായി വികസനത്തിനും വ്യവസായ



ങ്ങൾക്കും എതിരെ ജനതയെ തിരിക്കുന്നു. സാമുദായിക സംഘർഷങ്ങളിലെ സൂത്രധാരനെന്ന് തെളിവുകൾ ചൂണ്ടിക്കാട്ടുന്നു കുറ്റം രാജ്യദ്രോഹം. '

ദേവത ശബ്ദമിടറാതിരിക്കാൻ ശ്രദ്ധിച്ചു. വൃദ്ധൻ തലകുടഞ്ഞു.

' എല്ലാം വ്യാജം, ഏച്ചുകെട്ടലുകൾ, ഗ്രാമീണരുടെ ആവാസ വ്യവസ്ഥയും ജൈവവൈവിധ്യവും സംരക്ഷിക്കപ്പെടണം. അതിനാണ് ഞാൻ ശബ്ദമുയർത്തുന്നത്. '

'നിങ്ങൾ അസുഖബാധിതൻ ആണെന്ന് പറയുന്നു. കാഴ്ച തടസ്സമുണ്ടോ?

കറുത്ത ശീലയ്ക്ക് പിറകിൽ ദേവതയുടെ കണ്ണുകൾ തുടിച്ചു .

' കാഴ്ച കറുത്തിട്ടില്ല കണ്ണുകൾ അടച്ച് കെട്ടിയിട്ടില്ല.'

വൃദ്ധൻ ശ്വാസമെടുക്കാൻ ശ്രമിച്ചു കൊണ്ട് തുടർന്നു.

' നീണ്ടുപോകുന്ന തടവറ വാസം എന്നെ രോഗിയാക്കി. എന്റെ ശബ്ദത്തെ കൂട്ടിലടച്ചു.'

'എന്താണ് രോഗാവസ്ഥ ?

ദേവതയുടെ ചോദ്യം ആരോടാണെന്നറിഞ്ഞില്ല. ഉത്തരം പറഞ്ഞത് ഒരു കറുത്ത കുപ്പായക്കാരൻ .

'പാർക്കിൻസൺസ് .'

തന്റെ നിയന്ത്രണത്തിൽ നിന്ന് അകന്നുപോകുന്ന കൈകാലുകൾ. തളരുന്ന അവയവങ്ങൾ .

' എന്താണ് ഇപ്പോഴത്തെ ആവശ്യം.? '

കറുത്തതുണിക്കെട്ടിയ കണ്ണുകളിലേക്ക് ആശയറ്റു പോകാതെ നോക്കിക്കൊണ്ട് വൃദ്ധൻ മറുപടി നല്കി;

' ഒരുമാസമായി അപേക്ഷ സമർപ്പിച്ചിട്ട്, വെള്ളം കുടിക്കുന്നതിനുള്ള സിപ്പർ സ്ട്രോ അനുവദിക്കാൻ....'

വൃദ്ധൻ കൈകൾ കൂപ്പി. സ്വാഭാവികമായി ജലപാനം നടത്താൻ പോലും കഴിയാത്ത തടവുകാരന്റെ കണ്ണുകൾ നിറഞ്ഞു..



' പൗരാവകാശം പരിഗണനയിലുണ്ട് .'

ദേവതയുടെ ചുണ്ടുകൾക്ക് താഴെ വാക്കുകൾ ഉതിർന്നു വീണു. ഇനി മതിൽക്കെട്ടിനുള്ളിലേക്ക് മടക്കം. അഴികൾക്കുള്ളിലെ കാത്തിരിപ്പിന് ദൈർഘ്യമേറിയാലും വരണ്ട തൊണ്ട നനയ്ക്കുവാൻ ഒരു സ്ട്രോ അനുവദിച്ചു ഉത്തരവ് ഉണ്ടാകുമായിരിക്കും.

ആരും ഒന്നും ഉച്ചരിക്കുന്നില്ല. കാലുകൾ മെല്ലെ വലിച്ചു നടക്കുമ്പോൾ നീണ്ട ഇടനാഴിയിൽ ജനാധിപത്യത്തിന്റെ കറുത്ത നിഴൽ തണുത്ത നിശബ്ദതയിൽ അമർന്നു പോയതായി വയോധികന് തോന്നി. മങ്ങിതുടങ്ങിയ കണ്ണുകൾ തുറന്ന് വൃദ്ധൻ ചിരിക്കാൻ ശ്രമിച്ചു .

'കൂട്ടായി ഗാനങ്ങൾ ആലപിച്ചീടുവാൻ കൂട്ടിലെ കിളിക്കാകുമല്ലോ. '

പുരോഹിതൻ സ്വയം പറഞ്ഞു. കണ്ണുകൾ മൂടിക്കെട്ടിയ കാവലാളുകൾ ക്ഷീണിച്ച ആ കൈകൾ താങ്ങി പിടിച്ചിരുന്നു. ഇടനാഴിക്ക് ഇരുവശവും അകലം പാലിച്ച് മൃതശാന്തരായ, മൂകരായ കാഴ്ചക്കാർ ഏറെയുണ്ടായിരുന്നു. ●

കടൽ ഒരിക്കലും നിലയ്ക്കാത്ത മോഹങ്ങളുടെ പ്രതീകമാണെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട് അതിനാൽ തന്നെ കടലു കാണാൻ പോകുകയെന്നത് ഏറെയിഷ്ടമാണ്. തീരത്തെ പുല്കാനുള്ള തിരകളുടെ വെപ്രാളത്തിനിടയിൽ ചിതറിപ്പോയ പാറക്കൂട്ടങ്ങളിലൊന്നിന്മേൽ സ്ഥാനം പിടിക്കുക. അനന്തതയിലേക്ക് നോക്കി ഇമയനക്കാതെയിരിക്കുക. ചക്രവാളം നമ്മുടെ കണ്ണുകളിലേക്ക് ചേക്കേറും . അനന്തവിശാലമായ കാഴ്ചകളിലേക്ക് മനസ്സിന്റെ ജാലകങ്ങൾ തുറക്കപ്പെടും. അന്നേരം

യൗവനത്തിമർപ്പുകളിൽ ചവിട്ടി മെതിക്കപ്പെട്ട കക്കകൾ തിരയാനാകാത്ത വിധം മണലിൽ പൂണ്ടുകിടപ്പുണ്ടാകും.

കടൽ ഞണ്ടുകളുടെ കൊച്ചുകൊച്ചളകൾ മൂടപ്പെട്ടു പോയിരിക്കും.

എല്ലാമറിഞ്ഞിട്ടും നിങ്ങളിങ്ങനെ തിരകളിൽ കുത്തിമറിയാൻ ഇഷ്ടപ്പെടുന്നതെന്താണെന്നാണ് ഞാൻ ചിന്തിക്കുന്നത് .

ചുറ്റിലും അലയ്ക്കുന്ന ബഹളങ്ങൾക്ക് മേൽ ഇടയ്ക്കിടെ പതിക്കുന്ന വിസിൽ മുഴക്കങ്ങൾ, അതിരുകൾ ഭേദിക്കുന്നവരെ ഓർമിപ്പിച്ചു കൊണ്ടേയിരിക്കുന്നു. തീരത്ത് മുളച്ചുപൊന്തിയ ചില്ലറ വില്പനശാലകളിലേക്ക് തിരക്ക് ഒഴുകിക്കൊണ്ടിരിക്കുന്നു.

അന്നേരത്താണ് ഇടതു നെറ്റിത്ത



ദർശന

# കടൽ കണ്ടു മടങ്ങുമ്പോൾ

ടത്തിൽ കടന്നൽ കൂടിളകിയത്. അസ്വസ്ഥതയോടെ മുഖം ചുളിച്ച് കണ്ണുകളിറുക്കിയ ടച്ചിരിക്കേ അരികിൽ സുധിയുടെ ശബ്ദം .

'എന്തു പറ്റി മീര ?

'തല വല്ലാതെ പൊളിയുന്നു. നമുക്ക് പോകാം. '

'നന്നായി , കുട്ടികളിപ്പോഴൊന്നും വെള്ളത്തിൽ നിന്നും കയറുന്ന ലക്ഷണമില്ല , നീ വാ നമുക്ക് ഓരോ ചായ കുടിക്കാം. അപ്പോൾ ഈ തലവേദന പൊക്കോളും.'

തിരക്കിനിടയിലൂടെ മണലിൽ പൂണ്ടുപോകുന്ന പാദങ്ങൾ വലിച്ചുവച്ച് നടക്കുന്നതിനിടയിൽ പൊടുന്നനെ നിന്നുപോയി പാതി മറഞ്ഞൊരു വലിയ ശംഖ്. ആരുമത് ശ്രദ്ധിക്കുന്നത് പോലുമില്ല. കുനിഞ്ഞെടുത്ത് മണൽ തട്ടിക്കളഞ്ഞ് പതിയെ ചെവിയോട് ചേർത്തു. മുഴങ്ങുന്നുണ്ടോ ഒരു കടലിരമ്പം.

ഒരു കടൽക്കാറ്റിന്റെ പരിഹാസച്ചിരി അരികിലൂടെയൂർന്നുപോയി.

മീരാ, നിന്റെ തലവേദന മാറിയോ ?'

കയ്യിൽ ചായക്കപ്പുമായി നിൽക്കുകയാണ് സുധി. കണ്ണുകളിൽ ശാസനാഭാവം. നല്ല ഭംഗിയുള്ള ശംഖ്. കുഞ്ഞുമോൾക്ക് കൊടുക്കാം . അവൾക്ക് കൗതുകമാകും . ചുടു ചായ ഊതിക്കുടിക്കുമ്പോൾ ഉറപ്പിച്ചു.

മകനും മരുമകനും വെള്ളത്തിൽ നിന്നും കയറിയിട്ടില്ല. കുഞ്ഞുമോൾ അമ്മയോടൊപ്പം തീരത്തിരുന്ന് നനവാർന്ന മണലിൽ വീടുണ്ടാക്കുകയാണ്. അവളുടെ സ്വപ്നങ്ങളിലെ കൊട്ടാരം പോലെയുള്ള വീട്.

'ഇതിലെല്ലാവർക്കും മുറിവേണം , ട്ടോ. '

അവൾ പറയുന്നു.

മുത്തച്ഛന്, മുത്ത്യമ്മയ്ക്ക്, അച്ഛന് , അമ്മയ്ക്ക്, അച്ചാച്ചന് , കുഞ്ഞച്ചാച്ചന് , മുന്നയ്ക്ക് ശാന്തമുത്ത്യമ്മയ്ക്ക്, അച്ഛമ്മയ്ക്ക് , മാമന്, പിന്നെ ഇയോയ്ക്ക് .

അവൾ എന്നെ അമ്മൂമ്മ എന്ന് വിളിക്കാറേയില്ല . അവൾക്ക് ഏറ്റവും ഇഷ്ടമുള്ള കാർട്ടൂണിന്റെ ഓർമ്മയിൽ ഇയോ എന്നാണ് വിളിക്കുന്നത്.

അവളുടെ കൊഞ്ചൽ കേൾക്കുമ്പോൾ തന്നെ മനസ്സ് നിറയുന്നു. എല്ലാവരും വേണം അവൾക്കൊപ്പം. എല്ലാവരെയും ചേർത്തുപിടിക്കുന്ന ഭൂമി.


ദേഷ്യം വന്നാൽ പറയുകയും വേണ്ട.

പൊടുന്നനെ ആരോ നീട്ടിയടിച്ച ഒരു പന്ത് കൊട്ടാരം തകർത്തു പാഞ്ഞു പോയി. അവളുടെ കരച്ചിലൊച്ചകളെ തിരകൾ വിഴുങ്ങി. മകൾ ആകാശത്ത് പറക്കുന്ന പട്ടങ്ങളിലേക്ക് അവളുടെ ശ്രദ്ധതിരിച്ചു. പിന്നെ ഐസ്ക്രീം കാരന്റെ മണിയൊച്ചകൾക്കരികിലേക്ക് നീങ്ങി.

'എന്തെങ്കിലും വാങ്ങിയ്ക്കമ്മാ'

എണ്ണമയമില്ലാത്ത പിന്നിയിട്ട നീണ്ട മുടിയിഴകളാണ് ആദ്യം ശ്രദ്ധയിൽപ്പെട്ടത്. ശംഖുമാലകളാണ്. സുധിയുടെ മുഖത്ത് അസ്വസ്ഥതയുടെ കാർമേഘം.

'നിനക്കിത് എന്തിനാണ്, ഒന്നും വേണ്ട. '



കുട്ടിയുടെ പ്രതീക്ഷാനിർഭരമായ കണ്ണുകളിലേക്ക് നോക്കാൻ കഴിഞ്ഞില്ല. നിസ്സഹായതയോടെ കൈമലർത്തുമ്പോൾ ഉൾക്കോണിലെവിടെയോ ഒരു നൊമ്പരം പൊടിഞ്ഞു. കടലിലേക്ക് പെട്ടെന്ന് തന്നെ കടലിലേക്ക് മുഖം തിരിച്ചു

മാസങ്ങൾക്ക് മുമ്പ് ബേക്കൽ കോട്ട കാണാൻ പോയപ്പോഴാണ്. വഴിയരികിൽ പിഞ്ചു കുഞ്ഞിനെ ചുമലിലേറ്റി ഒരു ബാലൻ. ഉടലും ശിരസ്സും തമ്മിലുള്ള പൊരുത്തമില്ലായ്മയാണ് ആദ്യം കണ്ണിൽ പെട്ടത്. അന്ന് പക്ഷേ ഒന്നും നോക്കാതെ കുഞ്ഞുമോൾക്ക് കളിപ്പാട്ടം വാങ്ങാൻ കയ്യിലുണ്ടായിരുന്നത് അതേപടി ആ കുട്ടിയുടെ കയ്യി

ലേക്ക് വെച്ചുകൊടുത്തു. അവന്റെ കണ്ണുകളിലെ തിളക്കം ഇപ്പോഴും മനസ്സിലുണ്ട്.

കോട്ടയ്ക്കു മുകളിൽ കടൽ കാണാനാകുന്ന ഒരിടത്ത് സ്വസ്ഥമായിരുന്നു. കൂടെ വന്നവർ എല്ലായിടത്തും ചിതറി നടന്ന് ചിത്രങ്ങളെടുക്കുന്നു. താഴെ ഇളകിമറിയുന്ന കടലിൽ നായ്ക്കന്മാരുടെ വർദ്ധിത വീര്യം പതഞ്ഞൊഴുകുന്നു. ഉണരുന്ന പോർവിളികളെ പേറിയ ഒരു കാറ്റ് ചൂളം വിളിച്ച് ചുറ്റിത്തിരിഞ്ഞു നിന്നു.

'സുധി , ദാ നോക്ക് കടൽ നിറച്ചും ചോര'

'എവിടെ കാണട്ടെ '

മക്കൾ ഓടി വന്നു. സുധിയുടെ മുഖത്ത് തികഞ്ഞ ഗൗരവം.

'അമ്മയ്ക്കെന്താ വട്ടായോ?'

മക്കൾ ചിരിക്കുന്നു.

'ഇല്ല ,കടൽ ചുവന്നു തന്നെയാണല്ലോ . കാറ്റിലും ചോര മണക്കുന്നുണ്ട് '

ഞാൻ പതിയെ പറഞ്ഞു.

'അമ്മ ഹൈദരാലിയുടെ കാലത്താണ് മക്കളെ'.

അച്ഛനും മക്കളും ഉറക്കെ ചിരിക്കുന്നു. ഒന്നും മിണ്ടാതെ കടലിലേക്ക് തന്നെ നോക്കിയിരുന്നു. തോന്നലാവുമോ

***

'ഇവിടെ പക്ഷേ , കടൽ നീല നിറത്തിൽ തന്നെയാണല്ലോ'

'കടലിനു നീലനിറമല്ലാതെ പിന്നെയെന്താണ് . നിനക്ക് എന്താണ് പറ്റിയത്?'

സുധിയുടെ സ്വരത്തിൽ ദേഷ്യം കലർന്നിരുന്നു.

'ഓരോന്നാലോചിച്ചിരുന്നോളും വെറുതെയല്ല തലവേദന .'

'ഇന്ന് ബുക്ക് സ്റ്റാൾ തുറക്കുമോ? '

വണ്ടിയിലിരിക്കെ ചോദിച്ചു

,'ഉണ്ടെങ്കിൽ ഒന്ന്

നിർത്തണം ട്ടോ . എനിക്ക് ഒന്ന് രണ്ട് പുസ്തകങ്ങൾ വാങ്ങണം'

'ഇനിയും പുസ്തകങ്ങളോ? വീട്ടിലുണ്ടല്ലോ ഒരു ലൈബ്രറിക്കുള്ളത് . അതു മുഴുവൻ വായിച്ചു കഴിഞ്ഞോ?'

'എനിക്ക് എൻമകജെ വാങ്ങണം . അംബികാസുതൻ മങ്ങാടിന്റെ . മുൻപ് ബേക്കലിൽ പോയപ്പോൾ ഓർത്തതാ .പിന്നെ മറന്നു പോയി. എൻഡോസൾഫാൻ ദുരന്തത്തെ കുറിച്ച് അതിൽ വളരെ നൊമ്പരപ്പെടുത്തുന്ന തരത്തിൽ പറയുന്നുണ്ട്'

'നൊമ്പരപ്പെടുത്തുന്നതാണെങ്കിൽ പിന്നെ എന്തിനാണ് വാങ്ങി വായിച്ച് വീണ്ടും വിഷമം കൂട്ടുന്നത് . ഇന്ന് ഞായറാഴ്ച . ഏത് ബുക്ക് ഷോപ്പ് തുറക്കാനാണ്. ഇവിടെ പോണ വഴിയിൽ ബുക്ക് ഷോപ്പ് നോക്കാനൊന്നും എനിക്ക് പറ്റില്ല.'

സുധി ഈർഷ്യയോടെ പറഞ്ഞു.

'ഓൺലൈനിൽ കിട്ടുമോന്ന് നോക്കാം അമ്മേ '

പ്രശ്നങ്ങൾ ഒഴിവാക്കാൻ മകൻ ഇടപെട്ടു.

വഴിയരികിൽ ദയാബായിക്ക് പിന്തുണ പ്രഖ്യാപിച്ചു കൊണ്ടുള്ള പോസ്റ്ററുകൾ കണ്ടു.

'നമ്മള് കാസർഗോഡ് ഒന്നും ആവാഞ്ഞത് നന്നായി. അല്ലെങ്കില് നമ്മടെ ജീവിതൊക്കെ ആകെ മാറിപ്പോയേനെ'

കുഞ്ഞുമോളുടെ മുടിയിഴകളിൽ തലോടിക്കൊണ്ട് ഞാൻ പതിയെ പറഞ്ഞു.

സുധിയുടെ കാലുകൾ പൊടുന്നനെ ബ്രേക്കിൽ അമർന്നു. വണ്ടി ഒന്ന് കുലുങ്ങി നിന്നു. തൊട്ടുമുന്നിൽ ഒരു ബൈക്കുകാരൻ വെട്ടി തിരിഞ്ഞ് പാഞ്ഞു പോയി. എനിക്ക് കേൾക്കേണ്ട ചീത്തയാണോ ആ ബൈക്കുകാരനെ പിന്തുടരുന്നത് എന്ന ഉറപ്പില്ലാതെ ഞാൻ കുഞ്ഞുമോളെ ചേർത്തുപിടിച്ച് പുറത്തേക്ക് നോക്കിയിരുന്നു.

അവളുന്നേരം ശംഖ് ചെവിയോട് ചേർത്ത് പിടിച്ച് കടലിരമ്പം കേൾക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയായിരുന്നു. പിന്നെ അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു.

'ഇതിൽ ഒരു കുന്തവുമില്ല എന്നെ പറ്റിച്ചതാ'

എല്ലാവരും ചിരിച്ചു പോയി

തുളുമ്പാൻ തുടങ്ങിയ മിഴികളെ കാഴ്ചകളിലേക്ക് പറിച്ചുനട്ട് ഞാൻ അവളോട് പതിയെ പറഞ്ഞു .

'അത് കേൾക്കണമെങ്കിൽ എന്റെ കുട്ടി ഇത്തിരി

കൂടി വലുതാവണം'

എനിക്കും അവൾക്കും ഇടയിലൂടെ ഉപ്പുരസമുള്ള ഒരു കാറ്റ് പതിയെ കടന്നുപോയി.

ഞങ്ങൾ ഇരുവരും പുറകിലേക്ക് പാഞ്ഞുപോകുന്ന മരങ്ങൾക്കിടയിൽ ചേക്കേറുന്ന ഇരുട്ടിൽ തെളിയുന്ന നക്ഷത്രങ്ങളെ നോക്കിയിരുന്നു.

●

# ഈ മഴയിൽ നനഞ്ഞു ഞാനും..



ദിവ്യ സി.ആർ.



'നിങ്ങൾക്കറിയാമോ.. നമ്മളെപ്പോലുള്ള മനുഷ്യരാണീ ഭൂമിയുടെ വേദന!' ഒന്നും മനസ്സിലാകാതെ അയാളുടെ നോട്ടം എന്റെ കണ്ണുകളിൽ തറച്ചുനിന്നു.

'അപമാനഭാരത്തിൽ നിന്നിറങ്ങി എങ്ങോട്ടു പറന്നാലും വീണ്ടും കൂട്ടിലേക്കു തന്നെ പറക്കുന്ന പക്ഷികളാണ് നാം!'

വിശദീകരണത്തിനായുള്ളൊരു നോട്ടം എന്നെ പിന്തുടരില്ലെന്നുറപ്പുള്ളതു കൊണ്ട് വിദൂരതകളിലേക്ക് ഞാനെന്റെ മിഴിമുനകളെറിഞ്ഞു കഴിഞ്ഞിരുന്നു.

അടർത്തി മാറ്റാൻ ചുറ്റുമുള്ളവർ പരിശ്രമിച്ചിട്ടും സ്നേഹം കൊണ്ടവരെ ചേർത്തുനിർത്താമെന്ന് ധരിച്ച താനെത്രയോ വിഡ്ഢിയാണെന്ന് ഇടയ്ക്കിടെ തോന്നാറുണ്ട്.

അന്ന്, അപ്രതീക്ഷിതമായി പെയ്തിറങ്ങിയ വേനൽമഴയിൽ ഒരേ കൂരയുടെ കീഴിൽ അഭയം തേടിയവരാണ് ഞാനും ആ മനുഷ്യനും. അതിശക്തമായ മഴത്തുള്ളികൾ കാത്തിരിപ്പ് കേന്ദ്രത്തിന്റെ മേൽക്കൂരയിലെ തകരത്തുണ്ടുകൾക്കിടയിലൂടെ അഭയം തേടിയെത്തിയവരെ നനയ്ക്കുമ്പോൾ പകുതി നനഞ്ഞു നനയാതെയും അതിലൊരു അൽപസ്ഥലത്തേക്ക് ചേർന്നുനിൽക്കുക മാത്രമേ എന്റെ മുന്നിലുമുണ്ടായിരുന്നുള്ളൂ. വേനൽ ചൂടിന്റെ ആധികാരികതയെ ഭേദിച്ചു കൊണ്ടെത്തിയ മഴയെ പഴിചാരി, ശാപമുതിർക്കുന്നവർക്കിടയിലായി നിന്നും എത്രയും പെട്ടെന്ന് വീട്ടിലെത്താൻ ആഗ്രഹിച്ച എന്നിലേക്ക് അയാളുടെ നോട്ടങ്ങൾ ഇടയ്ക്കിടെ അടർന്നുവീണു. പലപ്പോഴും അവഗണിച്ചുവെങ്കിലും പരിഗണനയുടെ ചില നേർത്ത നോട്ടങ്ങൾക്കിടയിൽ ചെറുപുഞ്ചിരികൾ ചുണ്ടുകളിൽ വിടർന്നുനിന്നിരുന്നു.

മോഹങ്ങളുടെ, പ്രതീക്ഷകളുടെ താളം തെറ്റിയ നിലവിളികൾ ഉള്ളിൽ ഒരാന്തലായി പുറത്തേക്കൊഴുകുമ്പോൾ കണ്ണുകൾ വിടർന്നു ചുവന്നു.മിഴികളിൽ ചുടുകണങ്ങൾ തിങ്ങിനിറഞ്ഞു. അതുവരെ അമർത്തിപ്പിടിച്ച സങ്കടങ്ങൾ പെരുമഴയിൽ നിയന്ത്രണം വിട്ടൊഴുകാൻ തുടങ്ങി.

'ഇന്ന് പതിമൂന്നു വർഷങ്ങളുടെ പ്രണയത്തിന് അന്ത്യം കുറിച്ചിരിക്കുന്നു!

എത്രയോ തവണ പൊട്ടിപ്പോയേക്കുമെന്ന് തോന്നിയിട്ടും വിട്ടു പോകാൻ കഴിയാതെ ഒട്ടിപ്പിടിപ്പിച്ചു നിർത്തിയ ബന്ധങ്ങളിലെ അപഹാസ്യത ഓർത്തോർത്ത്.. ആത്മനിന്ദയുടെ തീനാമ്പുകൾ പൊള്ളിപ്പിച്ചു കൊണ്ടേയിരുന്നു!

അനുഭവങ്ങളുടെ തീച്ചൂളകളിൽ നിന്നിറങ്ങി നടക്കുമ്പോൾ വല്ലാതെ പൊള്ളുന്നുണ്ടായിരുന്നു. ഒരുമിച്ച് ജീവിക്കാൻ കാരണങ്ങൾ തിരയാത്ത പങ്കാളി പിരിയാനുള്ള എത്രയെത്ര കാരണങ്ങളെയാണ് നിരത്തി നിർത്തിയതെന്നോർത്തപ്പോൾ തെല്ലൊ

രു അരിശവും വെറുപ്പും തോന്നി. എങ്കിലും എന്നോ ഒരിക്കൽ ആത്മാവിന്റെ ഭാഗമായി സ്നേഹിച്ചിരുന്ന നിമിഷങ്ങളെക്കുറിച്ചോർത്തപ്പോൾ..!

ഓർമ്മകൾ ഇടറി വീണു കൊണ്ടേയിരുന്നു. മഴത്തുള്ളികൾ ചടുലതാളം അവസാനിപ്പിച്ച് നേർത്തു തുടങ്ങി. വീണ്ടും വെയിൽ തിളങ്ങി. ചുവടുകളുറപ്പിച്ച് ഇനിയും ഒത്തിരി ദൂരം നടക്കാനുണ്ട്. മകളുടെ പ്രണയ വിവാഹവും വിവാഹത്തകർച്ചയും കണ്ട് ഹൃദയം നിശബ്ദമാകാറായൊരു അച്ഛൻ തന്റെ വരവിനായി കാത്തിരിപ്പുണ്ട്. നിറകണ്ണുകൾ തുടച്ച് നട്ടുച്ചയുടെ വെള്ളിവെളിച്ചത്തിലേക്ക് ഇറങ്ങുമ്പോൾ ചുവടുകൾ പതറിപ്പോകുന്നതുപോലെ.. നിലതെറ്റി വീഴുന്നൊരില പോൽ അറിയാതെ മറഞ്ഞു വീഴാനൊരുങ്ങുമ്പോൾ, ആരോ പിടിച്ചു നിർത്തുന്നതും, ചുറ്റുമുള്ളവർ ബഹളം വയ്ക്കുന്നതും ചുറ്റിലും കൂടുന്നത് മാത്രമേ ഓർമ്മയുള്ളൂ.



താങ്ങിപ്പിടിച്ച മനുഷ്യൻെറ മുഖത്തെ ദൈന്യതയിൽ നഷ്ടപ്പെടലുകളുടെ വിണ്ടുകീറലുകൾക്ക് ഞാനും സാക്ഷിയായിരുന്നു. കുടുംബകോടതിയുടെ നിയമപരമായ വേർപിരിയലുകളിൽ അച്ഛനെ കെട്ടിപ്പിടിച്ച് കരയുന്ന കുട്ടികളെ അടർത്തിമാറ്റുന്ന അമ്മയെയും ബന്ധുക്കളെയും! തള്ളി മാറ്റി അച്ഛനിലേക്ക് വരികയും ശക്തമായി കുട്ടികളെ പിടിച്ചു കയറ്റി കൊണ്ടുപോകുന്നതും നിസ്സഹായനായി കണ്ടുനിൽക്കുന്ന ഒരച്ഛന്റെ ദുർവിധി!

ഹൃദയം നൂറായി നുറുങ്ങുന്ന ഒരു മനുഷ്യൻെറ നിലവിളി ചുറ്റും നിന്നവരുടെ ഹൃദയത്തിലൂടെ ഒരു കൊള്ളിയാൻ പായ്ക്കാതെ പോയിരിക്കുകയില്ല. അത്രമേൽ ഹൃദയഭേദകമായിരുന്നു ആ കാഴ്ച!

തകർന്നുപോയ ഹൃദയങ്ങളുടെ അവശേഷിപ്പുകളിൽ ജീവിതത്തിന്റെ പ്രതീക്ഷകൾ തേടുന്നതെത്ര ദുരിതമാണ്?

' മീരയുടെ കുടുംബം..?'

അയാളുടെ വാക്കുകൾ എന്നെ വിളിച്ചുണർത്തുമ്പോഴേക്കും അറിയാതെ മിഴികൾ നിറഞ്ഞിരുന്നു.

' ചേർത്തുവയ്ക്കാൻ ഒന്നുമില്ലാതെ ഞാൻ ഈ ഭൂമിയിൽ അവശേഷിക്കപ്പെട്ടിരിക്കുന്നു!'

കൂടുതൽ ഒന്നും ചോദിക്കാൻ നിൽക്കാതെ അയാൾ എന്നെക്കുറിച്ച് അറിയാൻ കാണിച്ച ആകാംക്ഷ നിറഞ്ഞ കണ്ണുകൾ പിൻവലിച്ചു. ഒപ്പമുണ്ടായിരുന്നവർ പെട്ടെന്നിറങ്ങി പോകുമ്പോൾ ആരുമൊന്ന് പതറിപ്പോകും. ഈ ലോകത്തിന്റെ സ്പന്ദനങ്ങൾ നിലച്ചത് പോലെ.. ചുറ്റുമുള്ളതിനെയെല്ലാം നിശബ്ദതയ്ക്ക് കൈമാറും. പതിയെ മരണത്തിന്റെ ശാന്തതയെ മോഹിച്ചു തുടങ്ങും.

എന്നാൽ, അയാൾക്കൊരു പ്രതീക്ഷയെങ്കിലുമുണ്ട്. കുറച്ചുകൂടി കഴിഞ്ഞപ്പോൾ മക്കൾ മുതിർന്ന കുട്ടികളാകുമ്പോൾ അച്ഛനെ തേടി വരുമെന്ന്. നെഞ്ചിനുള്ളിൽ മറ്റാരും കാണാതെ, കാണിക്കാതെ മാറ്റിവെച്ച സ്നേഹത്തിന്റെ ഉള്ളുരുക്കങ്ങളിൽ അലിഞ്ഞുചേരുവാൻ അവർ തിരികെയെത്തും!

തിരികെയെത്തട്ടെ..!

മീരയുടെ കണ്ണുകൾ സജലമായി.

തേടി വരുവാനൊന്നും അവശേഷിപ്പിക്കാതെ പാഴ്ഭൂമിയാക്കപ്പെട്ട തന്റെ ഗർഭപാത്രത്തിലേക്ക് എന്നത്തേതിനേക്കാളും അരിശത്തോടെ അമർത്തിപ്പിടിച്ചു. വേരുകൾ മുറിക്കപ്പെട്ട വർഷം അധികം വൈകാതെ നിലം പൊത്തുന്ന കാഴ്ച മനസ്സിൽ അലസമായി ചിന്തിച്ച് ആശുപത്രി കെട്ടിടത്തിന്റെ ചുമരുകളിലെ വിള്ളലുകളിലേക്ക് നോക്കിക്കിടന്നു.

അറിയാതെ മയങ്ങിപ്പോയ എന്നെ വിളിച്ചുണർത്തി കൈകളിൽ തറച്ച സൂചിയിൽ പിണങ്ങി നിൽക്കുന്ന നീല ഞരമ്പുകളിൽ മരുന്ന് കയറി വീർത്ത ഭാഗങ്ങളിലേക്ക് ആ മനുഷ്യന്റെ വിരലുകളുടെ സ്പന്ദനമറിയുമ്പോൾ; രണ്ട് സങ്കടങ്ങളുടെ പെരുങ്കടൽ താണ്ടി ആർദ്രതയുടെ നേർത്ത സ്പന്ദനങ്ങൾ അന്തരീക്ഷത്തിലേക്ക് മറ്റാരും കേൾക്കാതെ അലിഞ്ഞുചേർന്നു. രണ്ട് തകർന്ന മനസ്സുകളെ സാന്ത്വനിപ്പിക്കാനെന്നോണം പുറത്ത് ചാറ്റൽ മഴ വീണ്ടും ശ്രുതി കൊട്ടിത്തുടങ്ങിയിരുന്നു.



# ചായക്കപ്പുകൾ പറഞ്ഞത്.....



ബീന.പി.ജി

കവിത

പാലുകൂട്ടി അച്ഛനു കൊടുത്ത ചായയുടെ ബാക്കിയിൽ
കൂട്ടുകുടുംബത്തിന് ചായയൊരുക്കി അമ്മ
ക്രിസ്തുവിനെ ഓർമ്മിപ്പിച്ചിരുന്നു.

മണ്ണെണ്ണ വിളക്കിനു മുമ്പിലെ
പാതിരാ പീനത്തിന് കാച്ചി ത്തന്ന കട്ടന് അമ്മച്ചൂരും അലിവും
ഇരുണ്ട കാലം താണ്ടാനുള്ള ലഹരിയുമുണ്ടായിരുന്നു.

അടിവയറ്റിലെ ആദ്യ നോവിന്,
മാങ്ങ പെറുക്കിത്തിന്നു
നിൽക്കാതെയോടിച്ച വയറിളക്കത്തിന്...
അങ്ങനെയങ്ങനെ .....
നാരങ്ങ ചേർത്ത കട്ടൻ ചായ
യിൽ മെരുങ്ങാത്ത വേദനകളേയില്ലായിരുന്നു.

ആദ്യ പ്രണയത്തിന്റെ അലിവിനും
വിരൽ ചിത്രമെഴുതി മുഖം കുനിച്ചു നിന്ന
പെണ്ണുകാണലിനും ചായക്കപ്പു തന്നെ  സാക്ഷിയും പ്രതിയും .

പെണ്ണടയാളങ്ങളുടെ അടയിരിക്കലുകളിൽ നിന്ന്
തന്റെ ഇടം തേടുന്ന  യാത്രകളിലേക്ക് വളർന്നതും ഉറക്കെച്ചിരിക്കാൻ
ധൈര്യം തന്നതും
ഇത്തിരിപ്പോന്ന ചായക്കപ്പിലെ ഒത്തിരി വലിയ കൊടുങ്കാറ്റുകളായിരുന്നു.

പ്രിയ വിയോഗങ്ങളാൽ സങ്കടത്തിരകളിൽ വിറങ്ങലിക്കുമ്പോൾ
ഇത്തിരിച്ചൂടുകൊണ്ട് നോവൊപ്പിയതും കട്ടനായിരുന്നു.

പിണക്കം പറഞ്ഞു തീർക്കാനും
യാത്ര പറഞ്ഞു കൺനിറയാതെ പിരിയാനും
ഒറ്റക്കാവുമ്പോൾ ചേർത്തു പിടിക്കാനും
ആരെയും ചേർത്തു പിടിച്ചു നോവാറ്റാനും
ആണിനും പെണ്ണിനും
കുഞ്ഞിനും കുറുമ്പിനും
നേരിനും നോവിനും
കടുപ്പവ്യത്യാസങ്ങളാൽ കവിതകളൊരുക്കാനും ഒരേയൊരു ഭാഷയേയുള്ളു
ചായയെന്ന ഒറ്റഭാഷ.



# തടവറയിൽനിന്ന് നോക്കുമ്പോൾ



ഉഷ. കെ

കവിത

ഈ തടവറയ്ക്ക് ഒരു പ്രത്യേക മണമാണ്.
ഉണങ്ങിയ നിണപ്പാടുകളുടെ, തീരാപ്പകയുടെ, ദൈന്യതയുടെ
കരിഞ്ഞ മണം.
നനുത്ത ഇതളുകൾക്കിടയിലൂടെ ഒളിയമ്പെയ്യുന്ന മുള്ള്
കൊണ്ടു കീറും പോലെ,
നേർത്തചാറ്റൽമഴയ്ക്കിടയിൽ പൊടുന്നനെ
പതിക്കുമൊ
-രാലിപ്പഴം തറയും പോലെ,
തുളഞ്ഞിറങ്ങുന്ന
ഒറ്റപ്പെടലിന്റെ മണം.
ഈ തടവറയ്ക്ക് ഒരു പ്രത്യേക നിറമാണ്.
വിരസതയുടെ, ശൂന്യതയുടെ, നിർമമതയുടെ
മടുപ്പിക്കുന്ന നിറം.
നിത്യവിലാപം കണക്കെത്തളർന്നു മയങ്ങുന്ന
നരച്ച ആകാശം പോലെ,
ഉണങ്ങാത്ത വ്രണം വിങ്ങുമൊ
-രാഴക്കടലിന്റെ മൌനം പോലെ,
തൂവിപ്പരക്കുന്ന ഇരുണ്ട ചാരനിറം.

ഈ തടവറയ്ക്ക് പക്ഷെ
ഒരു പ്രത്യേക ഭംഗിയാണ്.
പങ്കുവേക്കലിന്റെ, ചേർത്ത്പിടിക്കലിന്റെ, തിരിച്ചറിവിന്റെ
പ്രതീക്ഷ വറ്റാത്ത നീരുറവയുടെ ഭംഗി.
പറക്കാൻ മറക്കാതെ,
ചിറകുകൾ തേച്ചുമിനുക്കുന്ന കൂട്ടിലെ
കിളിപോലെ
വിരൽ നൊന്തിട്ടും,
പട്ടത്തിൻറെ നൂലറ്റം വിടാതെ കാക്കുന്ന കുട്ടിപോലെ
പൊഴിയാൻ കൂട്ടാക്കാത്ത പൂവിതൾ പോലെ
ചന്തമുള്ള എന്തോ ഒന്ന്.

# ആത്മജ്ഞാനം



**അനിതാദേവി,**
**വേലന്താവളം.**

ഭോഗതൃഷ്ണയുടെ ചടുലതാളത്തിൽ
ചുവടുവച്ച് ആടിത്തിമിർത്ത നാട്യങ്ങൾ
ഒടുവിലെയങ്കത്തിലെത്തുമ്പോൾ
ആത്മാവിന്റെ കൂത്തമ്പലത്തിലെ
ആട്ടവിളക്കുകളണഞ്ഞു പോയിരുന്നു.

കൂടെയാടിയ വേഷങ്ങളോരോന്നായ്
പാതിവഴിയിൽ അരങ്ങൊഴിഞ്ഞപ്പോൾ,
നീയാരെന്ന ചോദ്യം ആത്മാവിന്റെ
നേർക്കെറിഞ്ഞൊരു പൊയ്മുഖം
കെട്ടുപൊട്ടിച്ചൂർന്നുപോയ്.

വർണ്ണക്കാഴ്ച്ചകളിൽനിന്നു മിഴിമടക്കി
അകക്കണ്ണ് തുറന്നപ്പോൾ,
കെട്ടിയാടിയ പൊയ്ക്കോലങ്ങളുടെ
നിരർത്ഥകത ആത്മജ്ഞാനത്തിന്റെ
ദർപ്പണത്തിൽ തെളിഞ്ഞു നിന്നു.

സ്വന്തം നിഴൽപോലും അന്യമായിന്ന്,
അഹംബോധത്തിന്റെ ചമയങ്ങളഴിച്ച്,
വ്യർത്ഥ കാമനകളുടെ ഉൻമത്തതയിൽ
ചവിട്ടി കയറിയ പടികൾ തിരിച്ചിറങ്ങി,
ഇന്ദ്രിയങ്ങളെ ജയിക്കുവാനായ്
പ്രയാണം തുടരുകയാണ്...!



# ആകാശ വാതിൽ

അടച്ചിട്ടൊരാകാശ വീടിന്റെ
ഉമ്മറത്തിണ്ണയിലിരുട്ടിൽ
വിശപ്പുതുന്നിയ കുപ്പായമിട്ട്
ഒറ്റയ്ക്കിരുന്നൊരു കുഞ്ഞു നക്ഷത്രം
അകം പൊള്ളി വിണ്ടുകീറുന്നു

തലയിൽ തീയിട്ടു നടക്കുന്ന
രാപ്പിശാചുക്കളുടെ കണ്ണുകൾ
തീക്കട്ടകളായി ദൂരെയലയുന്നു
ഉലയിലൂതിയൂതിപ്പഴുത്ത പ്രാണൻ
കൊള്ളിയാനായ് പരക്കം പായുന്നു !

ഉള്ളിലെ കാഞ്ഞിര മരക്കുറ്റിയിൽ
ഇരുമ്പാണിയടിച്ചു തളച്ച
പ്രേതചിന്തകളിളകിവന്ന്
ചുറ്റുംകൂടി ആർപ്പുവിളിക്കുന്നു

ഇരുട്ട് കറുത്ത കൈകളാൽ
മുറ്റ വരമ്പിലെ
ഇല്ലിക്കൂട്ടങ്ങളെ ഇളക്കുന്നു
അവ ഞെരിപൊരികൊണ്ട്
നിലവിളിക്കുന്നു !

രാക്കുളി കഴിഞ്ഞ്
നിലാവ് വാഴകളുടെ മറവിലിരുന്ന്
ഉടുവസ്ത്രം പിഴിഞ്ഞുടുക്കുന്നു
ചോരച്ച കണ്ണുമായ് വേതാളരൂപങ്ങൾ
മച്ചിൽ തലകീഴായ് തൂങ്ങിക്കിടന്ന്
ഒളിഞ്ഞു നോക്കുന്നു
ഉച്ചാടനമാരണ കർമ്മങ്ങൾ
മാറിമാറിച്ചെയ്തിട്ടും
ഉള്ളിൽ കുത്തി വരച്ച
ശാപക്കളങ്ങൾ മായുന്നില്ല !

അപ്പോൾ
കാറ്റിലൊരു തിരിനാളം മുടന്തി വരുന്നു
ചുക്കിച്ചുളിഞ്ഞാ വിരലറ്റം പിടിച്ച്
ആ കുഞ്ഞു നക്ഷത്രം
ആകാശ വാതിൽ തുള്ളിത്തുറന്ന്
ഭൂമി കാണുന്നു!



യൂസഫ് നടുവണ്ണൂർ



കവിത

# ചുമർചിത്രങ്ങൾ





**കൃഷ്ണകുമാർ മാപ്രാണം**

ചുറ്റമ്പലത്തിന്റെ  പ്രദക്ഷിണ വഴിയിൽ
ചുമരിൽ സുന്ദര ദേവീചിത്രം
നിറമിഴിവാർന്നൊരു ചിത്രങ്ങളൊക്കെ
ആരുടെ കൈവിരലാൽ തെളിഞ്ഞു

മങ്ങി നിറം പൊഴിഞ്ഞീടുമീ ചുമരിലെ
ചിത്രങ്ങളിപ്പോഴും സമ്മോഹനം
അമ്പലചുറ്റിലായ് വലം വച്ചിടുമ്പോൾ
കണ്ണുകളാരെയോ തേടീടുന്നു..!

എത്ര മനോഹരമാമത്രയനർഘമാ-
ണത്രയനുഭൂതിയേകീടുന്ന-
കണ്ടാലും കണ്ടാലുമതിവരാത്തൊരു
ചിത്രത്തെ വിസ്മയം നോക്കി നിന്നു

ചെങ്കല്ലിലച്ചാറിൻ കൂട്ടും കലർത്തി
വരച്ചിട്ട ലലിതമാം ചിത്രമെല്ലാം
ചിരജാത ചുമരിനെയനശ്വരമാക്കുന്ന
ജീവൻ തുടിപ്പുകളായിരുന്നു

എന്നുമീ ചിത്രങ്ങൾ മാടിവിളിച്ചീടും
ചുറ്റമ്പലത്തെ വലം വച്ചീടുമ്പോൾ
ദേവിതൻ മിഴിയിലെ നീലജലാശയ-
മപ്പൊഴെൻ ഹൃദയത്തെ തൊട്ടുണർത്തും

എത്രയോകാലമായ് കാണുന്ന ചിത്രങ്ങൾ
എന്റെ ഹൃദയത്തെ ധന്യമാക്കി
ദേവിതൻ മിഴിയിലെ നീലിനയറിയുവാൻ
എന്നുമാക്ഷേത്രത്തിൽ പോയിനിൽക്കും

ഒരുനാളിലമ്പല ചുമരുകളൊക്കെ
വെള്ളപൂശിടുവാൻ കൽപ്പനകൾ
ആനന്ദമേകീടും ചുമരിലെ ചിത്രങ്ങൾ
അപ്രിയമോടെ ചുരണ്ടി മാറ്റി

ഹൃദയത്തിൽസൂക്ഷിച്ച ചിത്രങ്ങളൊക്കെയും
മായ്ച്ചുകളഞ്ഞവർ വെള്ളപൂശി
ദേവിതൻ മിഴിയിലെ നീലജലാശയ-
പൊരുളു ഞാനപ്പോഴേയറിഞ്ഞതുള്ളു

ചുറ്റമ്പലത്തിലായ് ചിത്രകുടീരത്തിൽ
മിഴിവോടെ നിന്നയീ ചിത്രങ്ങളെ
നിർദയം നിങ്ങൾ ചുരണ്ടികളഞ്ഞല്ലോ
ചുമരിനെ നിത്യനിറം ചാർത്തുവാൻ

ചുറ്റമ്പലം ചുറ്റും വലംവച്ചീടുമ്പോൾ
കണ്ണുകൾ തേടുകയായിരുന്നു
ശൂന്യമാം ചുമരിലെ ശുഭ്ര പ്രതലത്തിൽ
അഞ്ചിത ദേവിതൻ രൂപത്തെ ഞാൻ


# സ്വന്തം



വി പി ജോൺസ്

നിശകൾക്കെല്ലാമുണ്ട് ഒരാകാശം സ്വന്തമായി!
ഇന്നത്തെ രാത്രിക്കും  അതുപോലെയായിരിക്കുമോ!
ഭിത്തികളാൽ തിങ്ങി ഞെരങ്ങുകയാവുമോ വാനം?
മുകിലുകൾ മുടന്തിയും ചിലച്ചും
നീന്തിത്തുടിക്കുകയാവാം
തിങ്കൾക്കല തിരുമുമ്പിൽ
ചിന്നി ചിതറുകയാവുമോ
ഒളി തിങ്ങുന്ന ഗഗന സീമകൾ
ആ നൊമ്പരങ്ങൾ ഏറ്റുവാങ്ങുകയാവാം
കല്പാന്ത കളിത്തട്ടു പോലഗാധം
നീലച്ഛവി തൂകുകയാവാം നീലമേഘങ്ങൾ
ആനന്ദം തിളച്ചു തൂവും മാനം
മൃദുല ഘോഷത്തുടി തീർക്കുന്നതുമാവാം
ഹേ, വ്യോമ സ്നേഹ പാരാവാര വിഹായസ്സേ
സായന്തന സന്ധ്യക്കൊടുവിലീ
നഗര കാന്താര വീഥികളിൽ
കണ്ണഞ്ചിക്കും കാന്താര കുമുദിനിയേ
ചൊരിയുകാശാ ദ്യുതിയഖിലം
ഞങ്ങൾക്കേകുക തൈത്തെന്നൽ
പുളകകാരിയാം സുപ്രഭാതങ്ങൾ..





# മുയൽക്കുട്ടികൾ



കവിത

ഡോ. അജയ് നാരായണൻ

വടി ചുഴറ്റി മഹാമാന്ത്രികൻ,
ഇറങ്ങിവന്നു കുഴലീന്ന്
നൂറായിരം മുയൽക്കുട്ടികൾ,
നറുമണം ചൊരിയും റോസാപൂക്കൾ,
ചെറുചിരിയുമായ് മന്ദമാരുതൻ...

വടി വട്ടം കറക്കി മാന്ത്രികൻ
ചുണ്ടിൽ ചില വണ്ടുകൾ മന്ത്രങ്ങൾ മൂളി
ഭൂമിയുടെ അച്ചുതണ്ടുലഞ്ഞു
ആകാശത്തൊരമ്പിളിത്തെല്ല് വിറങ്ങലിച്ചു
അരുണകിരണങ്ങൾ
മേഘഞൊറികൾക്കിടയിൽ
തല പൂഴ്ത്തി.

ഹാ, ഇന്ദ്രജാലം!
മുയൽക്കുട്ടികൾ
മനുഷ്യക്കുട്ടികളായി
പൂപോലെ ചിരിച്ചു
മാന്ത്രികനുചുറ്റും വട്ടമിട്ടു
വർണ്ണപ്പൂമ്പാറ്റകളായി
ഈണത്തിൽ മൂളി,
"ദൈവമേ..."
എല്ലാം മായാജാലം!

കുട്ടികൾക്കന്നേരം
കണ്ണില്ലായിരുന്നു
കാതില്ലായിരുന്നു
ചിന്തയില്ലായിരുന്നു
ചിറക് നഷ്ടമായിരുന്നു.

ഉള്ളതൊരു ചെറുചിരി മാത്രം,
മൂളുന്നതൊരു
വാക്കുമാത്രം... "ദൈവമേ".
പക്ഷേ, ഓർമ്മയിലേതോ
അമ്മക്കിളി തേങ്ങുന്ന
മങ്ങിയ ചിത്രമുണ്ട്.

"ഈ മന്ദബുദ്ധികൾക്ക്
ഞാനാണ് ദൈവം!

എന്റെ ഔദാര്യത്താൽ
അവർ ഉണ്ണും, ഉടുക്കും, ഉറങ്ങും",
ദേവമാന്ത്രികൻ പ്രസ്താവിച്ചു
അടിയാളർ തലയാട്ടി.

ഔദാര്യത്തിന്റെ മൂർച്ചയിൽ
അമ്മമാരുടെ നാവുകൾ
ഉൾവലിഞ്ഞു.

കുട്ടികളുടെ ചുണ്ടനങ്ങി,
"ദൈവമേ..."

അമ്മമാരുടെ
നെഞ്ചു കലങ്ങി
ഭൂമി കുലുങ്ങി,
"ദൈവങ്ങളേ..."

ഭയം...
മുയൽക്കുട്ടികളും പൂവുകളും
കിളികളും
കാറ്റും
അമ്മയുടെ ചേലത്തുമ്പു തേടി,
മാളങ്ങൾ തേടി
പരക്കംപാഞ്ഞു.

മാന്ത്രികവടി
കറങ്ങിക്കൊണ്ടേയിരുന്നു.
മാളത്തീന്ന്
മുയൽക്കുഞ്ഞുങ്ങളെ വേദിയിൽ
നിരത്താനുള്ള
തീരാശ്രമത്തിലാണ്,
ജാലവിദ്യയുടെ രാജാവ്...

ചിരി മായാത്തൊരു കുഞ്ഞിനെ
എളിയിലിരുത്തി
മാളത്തീന്നിറങ്ങിവന്നു
ദൈവം!

# ചിതൽ

ഒരു കറുത്ത സൂര്യനായിരുന്നു അത്....

അസാധാരണമായി പ്രകാശിച്ച കറുത്ത സൂര്യൻ

ഉതിരുന്ന മുത്തുമണികൾ പോലെ

അതിനു ചുറ്റും വസൂരിക്കലകൾ മുഴച്ചു നിന്നിരുന്നു,

ഒട്ടും കറുക്കാത്ത ആകാശത്തിൽ

അതിന്റെ ആഴം കൂടി വന്നു.

പുതപ്പിച്ച മേഘക്കരിമ്പടം പോലും

ചിതല് തിന്നും വിധം

അതിന്റെ കൈകൾ കലഹിച്ചു നിന്നു

പുറത്തേക്കുന്തിയ ഞരമ്പുകളിലെങ്ങും

രക്തപ്പച്ച ഇല്ലാത്ത

ആർത്തിക്കറ പിടിച്ചു

തിണർത്ത വാവലുകളുടെ ചിറകടിയൊച്ച...

നിശ്ശബ്ദതയുടെ വേലിക്കെട്ടുകളിൽ

ചെന്നു തട്ടാതെ

ആ അനക്കങ്ങൾ നിലയ്ക്കട്ടെ...



ഡോ രമ്യാ രാജ് ആർ



# സാക്ഷി

കണ്ണുനീർ വീണ് കുതിർന്ന നിൻ ബൂട്ടുകൾ
ലോകർക്ക് മുന്നിലഴിച്ചുവച്ച്,
ഇല്ലിനി ഒന്നിനും വയ്യയെന്നോതി
പൊട്ടിക്കരഞ്ഞു നീ പിൻവാങ്ങവെ,
കത്തിയമർന്നത് നിന്റെ സ്വപ്നങ്ങളോ
ഇന്നോളവും ഞങ്ങൾ നെഞ്ചേറ്റിയ
അത്രയുദാര സങ്കല്പങ്ങളോ?

ഇത് ഭാരതം!ദേവ ഭൂമിയിവിടം!
നാരികളെ പൂജ ചെയ്യുമിടം
ഇവിടെ ഒഴുകും പുഴകളെപ്പോലും
അമ്മയെന്നല്ലോ വിളിപ്പു നമ്മൾ
ഇവിടെ അലയുന്നൊരു പൈക്കിടാവിലും
കാണുന്നതും മാതൃസങ്കല്പമല്ലയോ
പണ്ടൊരു ചൂതുപുരയിലെ പെണ്ണിനെ
എല്ലാവരും കൈവെടിഞ്ഞ് നിന്നപ്പൊഴും,
നൊന്തു കരഞ്ഞൊരാ ശ്യാമയെ കാക്കുവാൻ
വന്ന കരിമുകിൽ വർണ്ണന്റെ ഗാഥകൾ
അക്ഷരം കൂട്ടിവായിക്കാനറിയാത്ത
കുഞ്ഞുങ്ങൾപോലും പാടുന്നിവിടെ
ആ പരിപാവന ഭൂവിലോ പെങ്ങളേ
നിന്റെ കണ്ണീർ വില കെട്ടുനിൽക്കുന്നു!

സാക്ഷി, പ്രിയപ്പെട്ട സാക്ഷിയറിയുക
അത്ര വിശുദ്ധമാം കണ്ണുനീരൊന്നും
പാഴ്മണ്ണിൽ വീണ് പൊലിഞ്ഞു പോയിട്ടില്ല,
ലോകാവസാനം വരെയുമിവിടൊരു
കൊട്ടാരവും കൊടിക്കൂറയും വാഴില്ല,
ചെങ്കോലുമേന്തി പടവുകളേറി
സിംഹാസനത്തിലമർന്നവരൊക്കെയും
ഇന്നല്ലയങ്കിലൊരുനാൾ നിശ്ചയം
തലയും കുനിച്ച് തിരിച്ചിറങ്ങീടണം
സാക്ഷിയാകും നീയതിനൊക്കെയും
സാക്ഷ്യം പറയുന്നു ഞാനുമെൻ കവിതയും

*ഗുസ്തി താരവും ഒളിമ്പിക്സ് മെഡൽ ജേതാവുമായ സാക്ഷി മാലിക്കിന്റെ രാജി വാർത്ത കണ്ടപ്പോൾ എഴുതിയത്



കെ. സന്തോഷ്

കവിത

# ഞാൻ ഫലസ്തീൻ





ഷബ്ന അബൂബക്കർ

ഞാൻ ഫലസ്തീൻ...
സൈത്തൂൻ മരങ്ങൾ തണൽ വിരിച്ചു
താലോലിക്കുന്ന ഖുദ്സിന്റെ മണ്ണ്...
ആർത്തു ചിലച്ചു പറന്നെത്തുന്ന തീപക്ഷികളെ
പുഞ്ചിരിയോടെ മുത്തമിട്ടു സ്വീകരിക്കുന്ന
ശുഹദാക്കളുടെ നാട്...

കഫൻ പുടവകളിലൊക്കെയും ചുവന്ന പൂക്കൾ
തുന്നിപ്പിടിപ്പിച്ചുറങ്ങുന്ന ഖബറാളികളുടെ മണ്ണ്...
അദാനിന്റെ അഴക് ചിന്തും ഇശലുകൾ കേൾക്കാതെ
നിത്യവും നിസ്കരിക്കാൻ വിധിക്കപ്പെട്ടവരുടെ ദേശം...

ചിതറിതെറിച്ചു അപ്രത്യക്ഷമാവുന്ന സ്വന്തം ചിത്രം
മനസ്സിൽ കോറിയിട്ട് താൻ ഷഹീദായെന്ന അടയാളം
ബാക്കി വെക്കാനായി പേര് കൊത്തിവെക്കാൻ
ധീരതയോടെ കൈനീട്ടുന്ന കുഞ്ഞു മക്കളുടെ നാട്...

മുഴുവനാവാത്ത അക്ഷരങ്ങൾ കോർത്തുവെച്ച്
വസ്വിയത്തുകളെഴുതി, തെല്ലു ഭയക്കാതെ
മരണത്തെ സ്വപ്നം കണ്ടുറങ്ങുന്നവരുടെ കൂട്...
കണ്ണടച്ച് തുറക്കും മുമ്പേ സ്വർഗത്തിലേക്ക്
പറന്നുയരുന്ന മാലാഖമാർ വസിക്കും വീട്...

മൗനം വിഴുങ്ങാത്ത രാപ്പകലുകളിലേക്ക്
തീഗോളമെറിഞ്ഞു വഴിവെട്ടുന്നവരോടും,
തോക്കിൻ കുഴലുകൾകൊണ്ട് അതിരു
കെട്ടുന്നവരോടും കല്ലും കവണയും കൊണ്ട്
ചെറുത്തു നിൽപ്പ് നടത്തുന്നവരുടെ ജന്മ ഭൂമി..

കരിഞ്ഞ മാംസത്തിന്റെ ഗന്ധം പേറി
കരഞ്ഞു തളർന്നിട്ടും മൂർച്ചയുള്ള
വാക്കുകൾ കൊണ്ട് അധർമ്മത്തോട്
പടവെട്ടുന്ന പടയാളികളുടെ നേര്...

ഒരിറ്റുകുടിനീരിനായി വരണ്ടു വലഞ്ഞുഴറുമ്പോൾ
ഒഴുകിയിറങ്ങുന്ന കണ്ണുനീർ കൊണ്ട് ദാഹം
തീർക്കുന്ന ഗതികേടിന്റെ വിണ്ണ്...

നൊട്ടിനുണയുന്ന ശീതള മിഠായികൾക്കൊപ്പം
ഐസ് ടാങ്കറുകളിൽ മരവിച്ചുറങ്ങുന്ന
പൊന്നോമനകൾ കൊതിയോടെ പിച്ചവെച്ചു
നടന്ന മണ്ണ്...
പേന പിടിക്കേണ്ട കൈകളിൽ പോറൽ
വീണതിനാൽ രക്തം മഷിയാക്കി പൊരുതുന്ന
വിമോചന കവികളുടെ ഈറ്റില്ലം...

ഹേ ലോകരെ,
അധിനിവേഷ നീരാളിപ്പിടുത്തത്തിൽ
ശ്വാസംമുട്ടി പിടയുമ്പോഴും
അതിജീവനത്തിന്റെ ഗാഥ രചിക്കുന്നവരാണ്
ഫലസ്തീനികൾ...
ഇനിയും നിങ്ങൾക്കെങ്ങനെ പറയാനാവും
ഫലസ്തീനൊരു കണ്ണുനീർത്തുള്ളിയാണെന്ന്?!
നിറഞ്ഞു തൂവിയ കണ്ണുനീർത്തുള്ളികൾ ചേർത്ത്
മഹാ പ്രളയമായി മാറിയ ഞങ്ങൾക്കെങ്ങനെയാണ്
ചാറി പെയ്യുന്ന മഴയോട് ഭയം തോന്നുന്നത്?!

ഉഴുതുമറിക്കുന്ന നിലങ്ങളിലാണ്
ഊർജ്ജമുറ്റിയ നാമ്പുകൾ കിളിർക്കുന്നതും
ആഴങ്ങളിൽ വേരോടുന്നതും...
അടർത്തിമാറ്റിയാലും പടർന്നു കയറാൻ
ഞങ്ങൾക്ക് അടിച്ചമർത്തലിന്റെ മുറിവാഴങ്ങളിൽ
കൊരുത്തിട്ട നോവിന്റെ വേരടയാളങ്ങൾ മതിയാകും.

കവിത

# 'ഉദയം' കൊണ്ടവൾ...



മുഹ്സിന ഇല്ലത്ത്

ഉള്ള് കീറി
ഉടല് വെന്തൊടുവിൽ
മിഴിനീരുറ്റി ചിന്നിച്ചിതറി
പുറത്തു ചാടിയ
വാക്കുകൾക്ക് ധിക്കാരത്തിന്റെ
ചവർപ്പായിരുന്നത്രെ.

ആഗ്രഹങ്ങൾക്കും
സ്വപ്നങ്ങൾക്കും
അത്യാഗ്രഹത്തിന്റെ
മേലാപ്പ് ചാർത്തി,
പരിഗണനയുടെ
ദൃഷ്ടിയിലിടം കൊടുക്കാത്തവർക്ക്
പൊള്ളുന്ന കനലറിയുവതെങ്ങിനെ..

പിച്ചവെച്ചനാൾ തൊട്ട്
ഉയിര് കാത്ത് വളർത്തിയവർ
ചലനങ്ങളിൽ പോലും
നിബന്ധനകൾ തൂവുമ്പോൾ
തന്നിഷ്ടത്തെക്കാൾ
വീക്ഷണകോണുകളിലെ
തോന്നലുകൾക്കായിരുന്നു
പ്രാധാന്യം പഠിപ്പിച്ചത്..

കണ്ണെത്താദൂരത്തോളം
കനവുകൾ നെയ്തിട്ട്
പാറിയടുക്കാൻ ചിറകുകൾ
മാടിയൊതുക്കുമ്പോൾ
അർഹതയുടെ ഇരുണ്ടാകാശം
ശ്വാസം മുട്ടിക്കും..


ഖബറടക്കപ്പെടുന്ന
ചിന്തകൾക്കു മേലെ
ഉറ്റവരുടെ തൃപ്തിയെ
നട്ടുനനച്ചു വളർത്തുമ്പോൾ
എന്തുകൊണ്ടോ
സ്വയം മറന്നു ജീവിക്കാൻ
പരിണാമപ്പെടും..

പെണ്ണെന്ന പദത്തിന്റെ
പൈതൃകത്തിന് കോട്ടം തട്ടാതെ
കാത്തു സൂക്ഷിച്ചിട്ടും
അടിച്ചമർത്തലുകൾ
പരിധിയുടെ കടിഞ്ഞാൺ
പൊട്ടിക്കുമ്പോൾ
ഉള്ളിലൊരു ഫീനിക്സ്
പുറത്തുചാടാൻ വെമ്പൽ കൊള്ളും.

സർവ്വംസഹയാവാൻ
മരവിച്ച ഹൃത്തിന്
ഭയമില്ലെന്നിരിക്കെ
നിലപാടുകൾ ശക്തമായ്
നിവർന്നു നിൽക്കും..

ഭീഷണികൾക്കു മുന്നിൽ
തളർന്നുവീഴാതെ
ഉള്ളിലെയുദയങ്ങൾക്ക്
കൂട്ടിരിക്കുമ്പോൾ
ഒറ്റക്കു പൊരുതി നേടാനുള്ള
ആർജവമവളിൽ ജനിക്കപ്പെടും.

കനലിൽ പെറ്റിട്ടതിനെ
വരൾച്ച ബാധിക്കില്ലെന്നിരിക്കെ
'ധിക്കാരി'യെന്ന വിശേഷണങ്ങൾ
അവളിലേശാതെ
ലജ്ജയുടെ മൂടുപടമണിയും..!



# കാടും പ്രകൃതിയും മലയാള കവിതയിൽ




ദർശന

കാട് നിത്യതയുടെ സൗന്ദര്യം . ജീവന്റെ ജീവിതങ്ങളുടെ നിലയ്ക്കാത്ത താളങ്ങൾ പെയ്തിറങ്ങുന്നത് അവിടെയാണ് . കവികളെ സംബന്ധിച്ച് പറയുകയാണെങ്കിൽ കാടും പ്രകൃതിയും ഒരിക്കലും ഉറവവറ്റാത്ത വിഷയകലവറകൾ ആണ് പ്രകൃതിയെ മുഴുവൻ സൗന്ദര്യത്തോടെ ആവിഷ്കരിക്കുകയെന്നത് ഏതൊരു സാഹിത്യശാഖയ്ക്കും വലിയ വെല്ലുവിളി തന്നെയാണ് . എന്നാൽ മലയാളകവിതകൾ പൂത്തുലഞ്ഞു പ്രകൃതി നിറയുന്നവയാണ്. മലയാള കവിതയും പരിസ്ഥിതിയും എന്ന പേരിൽ ഒരു പഠനഗ്രന്ഥം തന്നെയുണ്ട്. ഡോക്ടർ ആനന്ദ് കാവാലമാണ് ഈ ഗ്രന്ഥം രചിച്ചിട്ടുള്ളത്. 12 അധ്യായങ്ങളിലായാണ് വിഷയങ്ങളുടെ ഗൗരവമനുസരിച്ച് അദ്ദേഹം ഈ പഠനഗ്രന്ഥത്തെ ചിട്ടപ്പെടുത്തിയിരിക്കുന്നത്. കവിയും അധ്യാപകനുമായ എൻ എസ് സുമേഷ്കൃഷ്ണനാണ് മലയാള കവിതയും പരിസ്ഥിതിയും എന്ന ലേഖനത്തിൽ ആനന്ദ് കാവാലത്തിന്റെ ഈ കൃതിയെ കുറിച്ച് പരാമർശിക്കുന്നത്.

നമ്മുടെ ജീവിതശൈലിയുമായി പ്രകൃതിക്ക് അഭേദ്യമായ ബന്ധമുണ്ടെന്ന് കാണാം. വളരെ ഗൗരവമായ ചർച്ചകൾ കാടിനെകുറിച്ചും പരിസ്ഥിതിയെക്കുറിച്ചും ഉണ്ടായിക്കൊണ്ടിരിക്കുന്നു മുണ്ട്. എന്നാൽ ഈ ചർച്ചകൾ വേദകാലം മുതൽ ഉണ്ടായിരുന്നത്രേ. 'അല്ലയോ ഭൂമി ഞാൻ നിന്നിൽ നിന്ന് എടുക്കുന്നതെന്തോ അത് വേഗം മുളച്ചു വരട്ടെ പരിപാവനയായവളെ, ഞാനൊരിക്കലും നിന്റെ മർമ്മങ്ങളെ നിന്റെ ഹൃദയത്തെ പിളർക്കാതിരിക്കട്ടെ ' എന്ന് അഥർവ്വവേദം പ്രാർത്ഥിക്കുന്നു .

പ്രകൃതി അനന്തവിശാലമായ ഒന്നാണ് എന്ന് ഏവരും വിശ്വസിക്കുന്നു. ഇന്നിപ്പോൾ സ്ഥിതി പാടെ മാറിയിരിക്കുന്നു. വ്യാവസായിക വിപ്ലവത്തോടെ മർത്ത്യർ പ്രകൃതിവിഭവങ്ങൾ ധാരാളമായി ചൂഷണം ചെയ്ത് ഉപയോഗിക്കാൻ തുടങ്ങിയതോടെ, അതിന്റെ ഫലമായി കാട്, തണ്ണീർത്തടങ്ങൾ മുതലായ ജീവന്റെ നിലനിൽപ്പിന് അത്യാവശ്യമായ ആവാസവ്യവസ്ഥകൾ ചുരുങ്ങി കൊണ്ടിരിക്കുന്നതായി കാണാം . മാത്രമല്ല വിഷമാലിന്യങ്ങളാൽ ദൂഷിതമായിക്കൊണ്ടിരിക്കുകയാണ് ഭൂമി. മനുഷ്യരാശിയുടെ നിലനിൽപ്പിന് തന്നെ അത് ഭീഷണിയാണെന്ന ബോധം ചിലരിലെങ്കിലും ഉണ്ടായതിന്റെ ഫലമായാകണം ചിന്താ ശീലരായ സമകാലിക കവികൾ പ്രകൃതി രമണീയതയെ വാഴ്ത്തുന്നതോടൊപ്പം പ്രകൃതിനശീകരണത്തിന്റെ ഭാഗമായുണ്ടായ വ്യഥകളും തങ്ങളുടെ കവിതകളിൽ ആവിഷ്കരിക്കാൻ ശ്രദ്ധിക്കുന്നത്.

ഇത്തരത്തിലുള്ള നിരവധി കവിതകൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. അയ്യപ്പപ്പണിക്കർ , ഒഎൻവി, കടമ്മനിട്ട ഡി വിനയചന്ദ്രൻ , കെ ജി ശങ്കരപ്പിള്ള, മധുസൂദനൻ നായർ തുടങ്ങിയവരെല്ലാം നമ്മുടെ പാരിസ്ഥിതിക ബോധത്തെ ഉണർത്താൻ ശ്രമിച്ച കവികളാണ് എങ്കിലും കാടും പ്രകൃതിയും സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഏറ്റവുമധികം പോരാട്ടം നടത്തിയതും കവിതകൾ എഴുതിയതും സുഗതകുമാരി ടീ



**അയ്യപ്പപണിക്കർ**

ച്ചറാണ്. മലയാളിയുടെ കാവ്യ ഹൃദയത്തിലെക്കാലവും ജീവിക്കുന്നു സുഗതകുമാരി ടീച്ചറുടെ കവിതകൾ. പ്രകൃതി മുഖ്യപ്രമേയമായി വരുന്ന സുഗതകുമാരി ടീച്ചറുടെ 41 കവിതകളുടെ സമാഹാരമാണ് സഹ്യഹൃദയം . കുറിഞ്ഞിപ്പൂക്കൾ സൈലൻറ് വാലി, കാടും കടലും, തുലാവർഷപ്പച്ച, പശ്ചിമഘട്ടം, മഴയത്ത് ചെറിയ കുട്ടി , ഒരു പാട്ട് പിന്നെയും , കാക്കപ്പൂവ് നിർഭയ , കാട് തുടങ്ങിയ കവിതകളാണ് ഈ സമാഹാരത്തിലുള്ളത്

കാവുതീണ്ടല്ലേ, വനരോദനം, സൈലന്റ് വാലി, പശ്ചിമഘട്ടം, കുറിഞ്ഞിപ്പൂക്കൾ, തൈവയ്ക്കൽ, കാലിഫോർണിയാ കാടുകളിൽ, പശ്ചിമഘട്ടത്തിൽ വീണ്ടും, കാക്കപ്പൂവ്, തുലാവർഷപ്പച്ച, തുമ്പപ്പൂ ,തെംസ് നദിയോട്, എന്നിങ്ങനെ അനവധി പരിസ്ഥിതി സംബന്ധമായ കവിതകൾ അവരുടെ കാവ്യലോകത്ത് നമുക്ക് കാണാം.

എഴുപതുകളുടെ മദ്ധ്യത്തോടെയാണ് പ്രകൃതി സംരക്ഷണത്തെക്കുറിച്ച് പരിസ്ഥിതിയെക്കുറിച്ച് മലയാളി ഇത്രയും തീവ്രമായി ചിന്തിക്കാൻ തുടങ്ങിയത്. മലയാളസാഹിത്യത്തിലെ എല്ലാ ശാഖകളിലും ഇതിന്റെ അനുരണനങ്ങൾ ഉണ്ടായി. പരിഷ്കൃതിയുടെയും വികസനത്തിന്റെയും മറവിൽ വൻതോതിൽ പ്രകൃതി ചൂഷണം നടന്നുകൊണ്ടിരിക്കുന്നു. വനങ്ങളും പാടങ്ങളും നദികളും കൃഷിയിടങ്ങളും വൻ പദ്ധതികളുടെ മുന്നേറ്റത്തിൽ തകർന്നടിഞ്ഞു. .1970 കളിലെ സൈലന്റ് വാലി സംരക്ഷണ സമരം, ചിപ്പ്കോ മൂവ്മെന്റ് എന്നിവയെല്ലാം ഈ വിഷയത്തിലേക്ക് എഴുത്തുകാരുടെ ശ്രദ്ധ തിരിച്ചു. പാത്രക്കടവ് പദ്ധതി, സൈലന്റ് വാലി, മതിൻകെട്ടാൻമല, പെരിയാർ, ചാലിയാർ, കൃഷ്



**കടമ്മനിട്ട**

ണവനം, അട്ടപ്പാടി, പ്ലാച്ചിമട, എൻഡോസൽഫാൻ സമരം എന്നിവക്കെല്ലാം നേതൃത്വം നൽകിയവരിൽ എഴുത്തുകാരും മുന്നിലുണ്ടായിരുന്നു.കാടെവിടെ മക്കളെ ( അയ്യപ്പപ്പണിക്കർ), കുഞ്ഞേ മുലപ്പാൽ കുടിക്കരുത് (കടമ്മനിട്ട), ഭൂമിക്കൊരു ചരമഗീതം (ഒ.എൻ.വി.), മൊട്ട (ആറ്റൂർ) ഏഴിമല (സച്ചിദാനന്ദൻ ) സൈലൻറ് വാലി (സുഗതകുമാരി ) തുടങ്ങിയ ശ്രദ്ധേയമായ കവിതകൾ ഉണ്ടാവുന്നത് ഈ ഘട്ടത്തിലാണ്.ഈ കവിതകൾ പിന്നീട് 'വനപർവ്വം' എന്ന പേരിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. 'മരക്കവികൾ' എന്ന് പേരിട്ട് പലരും അക്കാലത്ത് ഈ കവികളെ പരിഹസിക്കുകയുണ്ടായി.

അമിതമായ ആർത്തിയും ദുരയും പ്രകൃതിയുടെ മേൽ കൈ കടത്തുന്ന പ്രവൃത്തികളിലൂടെ മനുഷ്യർ അവരുടെ തന്നെ ശവക്കുഴി തോണ്ടുകയാണെന്ന് കവി പറഞ്ഞുവെക്കുന്നു. തെംസ് നദിയോട് എന്ന അവരുടെ കവിത ഇന്ത്യയിലെ മരിച്ച് കൊണ്ടിരിക്കുന്ന അനേകം നദികളെ കുറിച്ചുള്ള മുന്നറിയിപ്പാണ്

'പശ്ചിമഘട്ടം' എന്ന കവിതയിൽ മലനിരകളുടെ ഭംഗിയും പ്രൗഢിയും വായനക്കാരുടെ ഹൃദയം കവരുന്ന വിധത്തിലാണ് സു

ഗതകുമാരി ടീച്ചർ വർണിക്കുന്നത്. . എന്നാൽ പിന്നീട് ആ ഗിരിനിരകൾക്ക് സംഭവിക്കുന്ന ദുരന്തമോർത്ത് കവിഹൃദയം കേഴുന്നത് ശ്രദ്ധിക്കൂ.

“ശൈലേന്ദ്രപാദങ്ങളിൽ തീ പിടിക്കുന്നു!
ദിവ്യവക്ഷസ്സിൽ കറുത്തപുക പടരുന്നു!
കരിമരുന്നിട്ടു പൊട്ടിത്തകർക്കും നൂറു
മലകളലറിക്കേണുടഞ്ഞു വീണടിയുന്നു!
ഉറവകൾ നടുങ്ങിവറ്റുന്നു. നൂറായിരം
നിലവിളിയുയർന്നുതാഴുന്നു!
വിരിമാറിൽ മുറിവുനിറയുന്നു. സഗൗരവം
തലപൊക്കി നോക്കുന്നു സഹ്യൻ!
മലയിടിക്കുന്ന, തീയെറിയുന്ന കൈകളേ,
വളരെ വൈകിപ്പോയി കാലം!



ഒ.എൻ.വി.

അറിയുവിൻ, മുറിവേറ്റ ശൈലങ്ങൾ നമ്മൾക്കു
വറുതിയും മൃതിയും വിധിക്കുമല്ലോ;
ചൂടുപൊറാഞ്ഞു പൊരിയുമല്ലോ, യിറ്റു
ദാഹജലത്തിനായ് കേഴുമല്ലോ;
അല്ലായ്കിൽ ഭാവം പകർന്നീ ഗിരിനിര
കല്ലും മരവും പ്രളയവുമായ് അന്ത്യപ്രഹരമായാർത്തിറങ്ങീടവേ
നൊന്തുപായുന്നതെങ്ങോട്ടു നമ്മൾ?”
എന്നു

കവി ഹൃദയം പർവ്വതത്തിന്റെ ഹൃദയവുമായി എത്രമാത്രം താദാത്മ്യം പ്രാപിച്ചിരിക്കുന്നുവെന്ന് നോക്കൂ. പശ്ചിമഘട്ട മലനിരകളെ ഇടിച്ച് നിരത്തി വികസന കോട്ടകൾ പണിയുന്നവർക്ക് വരാനിരിക്കുന്ന മഹാദുരന്തങ്ങളെ പറ്റിയുള്ള മുന്നറിയിപ്പ് കവി പണ്ടേ നൽകിയിട്ടുണ്ട്.

ഭാവിയിലും തുടർന്നേക്കാവുന്ന പ്രകൃതിക്ക് മേലുള്ള മനുഷ്യന്റെ കൊടും ക്രൂരതകളോർത്ത് കവിഹൃദയം പിന്നെയും വിലപിക്കുന്നുണ്ട്.

”കാടും പുഴയും മണ്ണും സ്ത്രീയും അപമാനിക്കപ്പെടുമ്പോൾ ചീറിക്കൊത്തുന്ന വാക്കുകൾ കൊണ്ടു കവിത കൊരുക്കുന്നു സുഗതകുമാരി ’ എന്നാണ് എം.ലീലാവതി ടീച്ചർ പറയുന്നത്

. പ്രകൃതിയെ അവഗണിച്ച് എല്ലാം നേടാമെന്ന മനുഷ്യന്റെ ദുരാഗ്രഹമാണ് ഇന്നത്തെ എല്ലാ പാരിസ്ഥിതിക ദുരന്തങ്ങൾക്കും കാരണം. പ്രകൃതിയിൽ നിന്ന് വേറിട്ട് മനുഷ്യനൊരു നിലനിൽപ്പില്ലയെന്ന് നാം മറന്നുപോകുന്നു.

മാമര കൊമ്പിൽ തനിച്ചിരുന്നു പാടുന്ന ഇണ നഷ്ടപ്പെട്ട ചിറകൊടിഞ്ഞ കാട്ടുപക്ഷി വേദനിപ്പിക്കുന്ന ചിത്രമാണ് .ഇനിയും പറക്കാൻ പറ്റില്ല എന്നോർക്കാതെ വിശാലമായ വാനം സ്വപ്നം കാണുന്നപക്ഷി പ്രത്യാശയുടെ പ്രതീകമാണ്.

സഹ്യഹൃദയം എന്ന പുസ്തകം പ്രകൃതിയുടെ പരിച്ഛേദമാണ്.തുമ്പ മുതൽ സ്വർണ്ണമുഖി വരെയുള്ള സസ്യങ്ങൾ, ഉറുമ്പ് മുതൽ ആന വരെ ഉള്ള ജീവികൾ, നിത്യഹരിതവനങ്ങൾ, ഉഴുതുമറിച്ച വയലുകൾ, ഭിന്നമായ ആവാസവ്യവസ്ഥകൾ ഇത്രയധികം തീഷ്ണമായി ഇത്രയധികം വ്യത്യസ്തമായി പ്രകൃതിയെ കവിതകളിലേക്ക് ആവാഹിച്ച മറ്റൊരു കവിയും ഇല്ലെന്ന് തന്നെ പറയാം

കാടിനു തീ പിടിക്കുന്നു എന്ന് ആദ്യം വിളിച്ചു പറയുന്നത് കാട്ടുകിളിയാണ് .ഒരുപാട് ജോലികൾ ചെയ്യാൻ ഉണ്ട് കിളി

ക്ക് എന്നിട്ടും പൂമര കൊമ്പത്ത് മയങ്ങിയിരിക്കവേ വിദൂരതയിൽ ഒരു പുകമണം ഉയരുമ്പോൾ ചിറകടിച്ചുണരുന്നു. ഉറക്കെ വിളിച്ചു ചൊല്ലുന്നു. സുഗതകുമാരി ടീച്ചർ കവിതയിലൂടെ നിരന്തരം ആവിഷ്കരിക്കാൻ ശ്രമിച്ചതും ഇതുതന്നെയാണ് . സ്ത്രീ സ്വത്വത്തേ ഇത്രയേറെ മനസ്സിലാക്കിയ ഒരു കവി കാടിനെ കുറിച്ച് പ്രകൃതിയെ കുറിച്ച് വ്യാകുലപ്പെടാതെയിരിക്കുന്നതെങ്ങനെ?

മലയാളകവിതയെ ആധുനികതയിലേക്കും ഉത്തരാധുനികതയിലേക്കും കൈപിടിച്ചു നടത്തിയ കവിയാണ് അയ്യപ്പപ്പണിക്കർ ദേശബന്ധു വാരികയിൽ 1760 ഇൽ പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ കുരുക്ഷേത്രം എ



സച്ചിദാനന്ദൻ

ന്ന കവിതയാണ് ആധുനിക മലയാള കവിതയുടെ ആധാരശില എന്നപേരിലറിയപ്പെടുന്നത്. 'നീതിക്കു വേണ്ടി കരഞ്ഞുഴറീടവെ

ഗീത ചൊല്ലിക്കേട്ടോരർജുനനല്ല ഞാൻ. '

എന്ന ഈ കൃതിയിലെ വരികൾ വളരെ പ്രശസ്തമാണ്. പ്രകൃതിയുമായുള്ള ബന്ധം അദ്ദേഹത്തിന്റെ പൂക്കാതിരിക്കാനെനിക്കാവതില്ലേ എന്ന കവിതയിൽ കാണാം

എനിക്കാവതില്ലേ പൂക്കാതിരിക്കാൻ
വിഷുക്കാലമല്ലേ കണിക്കൊന്നയല്ലേ

വൃക്ഷങ്ങളും ഋതുഭേദങ്ങളുമായുള്ള ആത്മബന്ധത്തെ എത്ര മനോഹരമായാണ് കവി വർണിക്കുന്നതെന്ന് നോക്കൂ . അതേ സമയം തന്നെ പരിസ്ഥിതിക്ക് വന്ന മാറ്റങ്ങളെക്കുറിച്ചോർത്ത് , കവി ഹൃദയം വേവലാതിപ്പെടുന്നുമുണ്ട് .

'എവിടെന്റെ ഹരിതങ്ങൾ, എല്ലാം മറഞ്ഞു എവിടെന്റെ
ദുരിതങ്ങൾ കൊടുവേനലിൽ കത്തിയെരിയുന്ന താപങ്ങൾ
കടുമഞ്ഞിലുറയുന്ന വനരോദനങ്ങൾ, മഴ വന്നൊടിച്ചിട്ട മൃദുശാഖകൾ. സർവ്വമെവിടെയോ മായുമ്പോൾ
എവിടെനിന്നെവിടെനിന്നണയുന്നു വീണ്ടുമെൻ ചുണ്ടിലും മഞ്ഞതൻ മധുരസ്മിതങ്ങൾ.'

അയ്യപ്പപ്പണിക്കരുടെ കാടെവിടെ മക്കളെ എന്ന കവിതയും വളരെ ശ്രദ്ധേയമാണ്.

കാടിനെ കുറിച്ച് പ്രകൃതിയെക്കുറിച്ച് അതിലുപരി കാട്ടിലെ ജീവികളെ കുറിച്ച് കാട്ടു മനുഷ്യരെ കുറിച്ച് അവരുടെ വ്യഥകളെ കുറിച്ച് വളരെ മൂർച്ചയേറിയ കവിതകൾ രചിച്ചിട്ടുള്ള കവിയാണ് കടമ്മനിട്ട.

മനുഷ്യ കേന്ദ്രീകൃതമാണ് കടമ്മനിട്ടയുടെ കവിതകൾ.

ആധുനിക കവിതയുടെ എല്ലാ സവിശേഷതകളും അദ്ദേഹത്തിന്റെ കവിതകൾ പ്രകടിപ്പിച്ചെങ്കിലും നവ്യമായ ഒരു കാവ്യാനുഭവം സൃഷ്ടിക്കാൻ അദ്ദേഹത്തിന് സാധിച്ചു. അദ്ദേഹത്തിന്റെ കവിതകളിലെ കേരളീയമായ ഗ്രാമീണതയുടെയും വന്യമായ രൗദ്രതയുടെയും വയൽമണങ്ങളുടെയും മൗലിക സൗന്ദര്യം എടുത്തുപറയേണ്ടതാണ്. അദ്ദേഹത്തിന്റെ കുറത്തി, കുഞ്ഞേ മുലപ്പാൽ കുടിക്കരുത്, കിരാതവൃത്തം മുതലായ കവിതകൾ പ്രകൃതിയുമായി അഭേദ്യമായ ബന്ധം നിലനിർത്തുന്നതായി കാണാം. പ്രകൃതി തന്നെയാണ് ഈ കവിതകൾ . കരീലാഞ്ചി വള്ളിപോലെ വേട്ടനായ്ക്കടെ പല്ലിൽ നിന്ന് വിണ്ടു കീറിയ നെഞ്ചുമായി , കുന്നിറങ്ങി വരുന്ന നദിപോലെ , വെന്ത മണ്ണിൻ വീറു പോലെ , കാട്ടുകല്ലിൻ കണ്ണിൽ നിന്നും, കാട്ടുതീയായ് പടർന്ന പൊരിപോലെ എത്തുന്ന കുറത്തി മണ്ണിൽ ഉയിർത്തവളാണ് അഥവാ കാടാണ് പ്രകൃതിയാണ് അവൾ.

കരിനാഗക്കളമേറി അവൾ തുള്ളുമ്പോൾ നിങ്ങളെന്റെ കറുത്ത മക്കളെ ചുട്ടുതിന്നുന്നോ നിങ്ങളവരുടെ നിറഞ്ഞ കണ്ണുകൾ ചുഴന്നെടുക്കുന്നോ നിങ്ങൾ ഞങ്ങടെ കുഴിമാടം കുളം തോണ്ടുന്നോ നിങ്ങളോർക്കുക നിങ്ങളെങ്ങനെ നിങ്ങളായെന്നവൾ പറയുമ്പോൾ കാടിന്റെ മക്കളുടെ ഔദാര്യത്തിൻമേൽ കെട്ടിപ്പൊക്കിയ വെൺ മാടങ്ങൾ എങ്ങനെ ഇ



**സുഗതകുമാരി**

ടറാതിരിക്കും. കരിനാഗക്കളമഴിച്ച് കാട്ടു വെള്ള പ്രതിമ പോലെ മുളങ്കരുത്തിൻ കൂമ്പു പോലെ നിൽക്കുന്ന കുറത്തി മലയാളകവിതയിൽ ഒരിക്കലും അസ്തമിക്കാത്ത പ്രകൃതിയുടെ നിറസാന്നിധ്യമാണ് എന്നാൽ കിരാത വൃത്തത്തിലെ കാട്ടാളനെ പരാമർശിക്കാതെ പോകുന്നതെങ്ങനെ കാടു തീണ്ടി കുലം മുടിച്ചവർക്കെതിരെ സംഹാര രുദ്രനായി ഉയിർത്തിരിക്കുകയാണ് കാട്ടാളൻ . നീറായ വനത്തിനു നടുവിൽ നെഞ്ചത്തൊരു പന്തം കുത്തി നിൽക്കുന്ന കാട്ടാളൻ പറയുന്നത് കേൾക്കൂ

'ഞാൻ വില്ലു കുലയ്ക്കും
കുല വില്ലിന് പ്രാണ ഞരമ്പുകൾ പിരിയേറ്റിയ ഞാണേറ്റും ഞാൻ
ഇടിമിന്നലൊടിച്ചമ്പഗ്നിത്തിരയായ് കരിമുകിലിൽ ചെന്നുരയും, പൊരി പേമാരിയായി പൊഴിയും ചെറുവേരുകൾ പടരും മുള പൊട്ടി വിളിക്കും
കിരണം.
ഒരു സൂര്യനുദിക്കും നിഴലായമ്പിളി വളരും വനമോടികളാടിത്തെളിയും' എന്ന്

എത്ര പ്രതീക്ഷയോടെയാണ് നിങ്ങൾ നശിപ്പിക്കുന്നകാടു ഞാൻ വീണ്ടെടുക്കുമെന്ന് കാട്ടാളനിലൂടെ കവി പ്രതികരിക്കുന്നത്.

ഒഎൻവി കുറുപ്പിന്റെ ഭൂമിക്ക് ഒരു ചരമ ഗീതം എന്ന കവിത മനുഷ്യന്റെ ധാർഷ്ട്യത്തിന്റെ, നിരന്തരമായ ചൂഷണത്തിന്റെ ഫലമായി ഭൂമി എന്ന അമ്മ നേരിടുന്നനാശത്തിന്റെ നേർക്കാഴ്ചകളാണ്. കവി പറയുന്നത്.

ഇനിയും മരിക്കാത്ത ഭൂമി! നിന്നാസന്ന-
മൃതിയിൽ നിനക്കാത്മശാന്തി!
ഇത് നിന്റെ (എന്റെയും) ചരമശുശ്രൂഷയ്ക്ക്
ഹൃദയത്തിലിന്നേ കുറിച്ച ഗീതം.

മൃതിയുടെ കറുത്ത വിഷപുഷ്പം വിടർന്നതിൻ-
നിഴലിൽ നീ നാളെ മരവിക്കേ,
ഉയിരറ്റനിൻമുഖത്തശ്രു ബിന്ദുക്കളാൽ
ഉദകം പകർന്നു വിലപിക്കാൻ
ഇവിടെയവശേഷിക്കയില്ലാരു, മീ ഞാനും!

വ്രണിതഹൃദയനാണ് കവി. . ഇതിലും തീക്ഷ്ണമായി പ്രകൃതി ചൂഷണത്തെ, ഭൂമിയുടെ നാശത്തെ ആവിഷ്കരിക്കാൻ മറ്റൊരു കവിക്കുമായിട്ടില്ല എന്നതാണ് യാഥാർത്ഥ്യം.

കാഞ്ഞിരമരത്തിലെ കുളിയൻതമ്പാച്ചി ബാലഗോപാലൻ കാഞ്ഞങ്ങാടിന്റെ ഒരു പരിസ്ഥിതി കവിതയാണ്. ഗുളികൻ എന്നത് കാട് ആരൂഢമായ വടക്കേമലബാറിലെ തെയ്യമാണ്.

'കത്തുംകണ്ണാൽ
ചൂട്ടുതെളിച്ച്
പോക്കുവരവുണ്ടെന്ന്
മുത്തശ്ശിച്ചൊല്ല്

ഇപ്പൊൾ കുളിയന്റെ അവസ്ഥ എന്താണ്

'കാലുമുറിഞ്ഞാകാലം പാഞ്ഞു
പാറയടർന്നു
കുന്നുകളരിഞ്ഞു
കാവില്ലാക്കാലികളില്ല
കാഞ്ഞിരമില്ലാ -

കരിങ്കാരമുള്ളില്ല
ചെമ്പകമരമേറിയോന്റെമുമ്പിൽ
പൊന്തിനിൽക്കുന്നൂ
വെന്തചെമ്പിട്ടമാടംചുറ്റും
സിമന്റുതരിയാൽ
തീർത്തൊരൂക്കൻ
ചുറ്റുമതിൽപടുകെട്ടുകളങ്ങനെ
തെളിയുന്നുണ്ടോ
കെട്ടചൂട്ടുകറ്റയിൽപറ്റേ
മെല്ലിച്ചിട്ടുവിളറിയ
തമ്പാച്ചിത്തീയ്
കെട്ട
മതിൽക്കെട്ടുപൊട്ടിച്ചങ്ങിനെ
പായുകയത്രേകുളിയൻ
കത്തിനിൽക്കാനൊരു
മരവും
കരിങ്കോഴിയുംതേടി .'

കാടു മുഴുവൻ മുടിച്ചു കഴിഞ്ഞാൽ കുളിയന് നിൽക്കാനൊരു മരമെവിടെ?

നമുക്ക് വി എം ഗിരിജ യിലേക്ക് വരാം. ഗിരിജയുടെ

. സംയോഗം എന്ന കവിതയിൽ സ്ത്രീയെ പ്രകൃതി ആയിട്ടാണ് കാണുന്നത്

.

ഇവളുടെ ഉടലും കരളും 'നിശ്ബദഹരിതവന'മാകുന്നു.

പുരുഷന് ഉടലും ഉയിരും നൽകിയ സ്ത്രീക്ക് ചവിട്ടിനിൽക്കാനുള്ള മണ്ണാണു സ്നേഹം. കിടപ്പറയിലേക്കു പറിച്ചു നടുമ്പോഴും ഇണകൾക്കിടയിൽ മുരടിച്ചുപോകുന്ന വനവൃക്ഷമാണത്. പ്രകൃതിയും നനവും പച്ചപ്പുമാണ്. ഏകയായ പ്രണയിനി വനാന്തരങ്ങളിലൂടെ അലയുകയാണ്. പലപ്പോഴും തിരസ്കൃതയും ചിലപ്പോൾ തെറ്റിദ്ധരിക്കപ്പെട്ടവളുമാണിവൾ.

"വിരൽ നിന്റെ മാറിടത്തിൽ കറുകക്കാടുപോലെ
ഇല, മണ്ണ്, വെള്ളം
വിയർപ്പ് , വെയിൽ,
നിലാവെല്ലാം
മണക്കുന്ന മാറിടത്തിൽ
നെഞ്ചിൽ ചെവിചേർക്കു
പൊന്തിവരുമൊരാദിവിലാപം" (സംയോഗം)

ചിത്ര 2021 എന്ന കവിതയിൽ ചിത്രാംഗദയെന്ന രാജകുമാരിയെ അവതരിപ്പിക്കുമ്പോൾ മണ്ണും പെണ്ണും പ്രകൃതിയും എത്ര മാത്രം ഇഴുകി ചേർന്നിരിക്കുന്നു എന്ന് കാണാം.

അവളുടെ രാജ്യത്തെ വർണ്ണിക്കുന്നത് ഇപ്രകാരമാണ്

'ഏതമ്മ വാരിയെറിഞ്ഞതീ വിത്തുകൾ
ഏത് മാനം പാൽ കൊടുത്തു വളർത്തിയോ
അത്ഭുതപ്പെട്ടേൻ കുതിരപ്പുറത്തേറിയീപച്ച മാമല താണ്ടി കുഴയവെ
എന്നും വരുന്നു പോകുന്നു കിളികളും മഞ്ഞും മഴയും വെയിലും മേഘമാലയും.'

അന്യദേശത്തിലെ വ്യാപാരിമാരും, നഗ്നസന്യാസികളും കിന്നരന്മാർ പോലെയുള്ള ജിപ്സി സംഘങ്ങളും. എന്നിട്ടും പതുങ്ങി മുളയ്ക്കുന്നുണ്ട് മരങ്ങൾ, കല്ലിലും പറ്റിപ്പിടിക്കും അമര വള്ളികളും കരനെല്ലിന്റെ കനത്ത തണ്ടുകളും പൂങ്കുലകളും നിലാവിന്റെ തൊങ്ങൽ പിടിപ്പിച്ച രാത്രികളും

.

'ചുറ്റും നിരക്കുന്ന നാട്ടുകാർക്കെൻപേര് ചിത്രയെന്നല്ലെന്റെ വീടല്ലരമന , അല്ല ഞാൻ പെണ്ണും പുരുഷനും നൂറ്റാണ്ടുകൊണ്ട് തിടംവയ്ക്കുമേതോ വനമരം ,
ഏതോ തവിട്ടു ഭരണിയിലായിരത്താണ്ടുമുറങ്ങിയ വിത്ത് .
വീശുന്ന കാറ്റുകൾ തൻ ഗതി പാട്ടാക്കി മൂളും മുളംക്കൂട്ടം .
കൊയ്ത്തും മെതിച്ചും വിതച്ചും കഴിയുമ്പോൾ'

ഇങ്ങനെയത്രെ ചിത്രാംഗദയെ പരിചയപ്പെടുത്തുന്നത്

കാട്ടുതേനൂറ്റുകൾ പോലത്തെ ഉറവകളും മുല്ലകൾ ചുറ്റി പടരും പലാശുകളും കാട്ടുപുൽമേടുകളും എല്ലാം പറയുന്നത് ജീവിതം ഇത്തിരി മെല്ലെയാവട്ടെ എന്നാണ്.

'ആവാം ജലം, കട്ടയായും മഴയായും ഓമൽകുളിർ ചുണ്ട്,
പോലെയാവാം, ആവാം മരം, നൂറു വർഷങ്ങൾ തൻ
ചോലകളിൽപ്പേന മുക്കിക്കനികളും പൂവും നിറയ്ക്കാം,
മാനായ്, തൂങ്ങിയാടുന്ന മെഴുകുതേൻ കൂ

ടായ്,

പറവയായ്,

ആടും മുളം കൂട്ടമായ്, കറുത്ത മൺ പാനയായ്, മാറുന്ന ജീവനോന്മാദമോ ഞാൻ ചിത്ര. '

എത്ര മനോഹരമായാണ് കവി രാജകുമാരിയെ ചിത്രീകരിക്കുന്നത്. ആ കാഴ്ചകൾ കാടിന്റെ ദൃശ്യഭംഗി മനസ്സിൽ നിന്നും മാഞ്ഞു പോകുന്നതെയില്ല.

പ്രകൃതിയോട് കൃഷിയോട് വളരെയേറെ ആഭിമുഖ്യം പുലർത്തുന്ന കവിയാണ് ജയറാം വാഴൂർ . ഋതുഭേദങ്ങൾക്ക് പുറത്തേക്കുള്ള പ്രകൃതിയുടെ മാറ്റം. മകരത്തിൽ കൊന്ന പൂക്കുന്നത് പ്രകൃതിയുടെ പ്രതിഷേധമത്രേ. നാടിന്റെ, നാട്ടുകാരുടെ മാറ്റങ്ങൾ, ഉള്ളിൽ പകയുണരുന്ന കാലങ്ങൾ,

പാടം പോയ്, തോടും പോയ്, കൈതയും പോയ്

കൊന്നയെങ്കിലും പ്രതിഷേധിക്കണ്ടേ.

കാത്തിരിപ്പ് എന്ന കവിത യിൽ

വിളയൊഴിഞ്ഞ വയൽവരമ്പിൽ വൃഥാ വീണ്ടും എന്തിനിരിപ്പൂ കവിത നീ.

വ്യഥകൾ കൊയ്തു മെതിച്ചവർ

വിത്തുമായ് ഇനിയുമെത്തിടും

തുടരും വിലാപങ്ങൾ.

മുതുകിൽ ബന്ധിച്ച നുകവും ചുമന്നിവർ

തുടരും ഈ വിത ചിതയൊടുങ്ങും വരെ.

ആർക്കുവേണമീ

മണ്ണിൻമൊഴികൾ നീ

പുതിയ മേച്ചിൽപുറങ്ങൾ തിരയുക'

എന്ന് പറയുമ്പോഴും

'വറ്റാതിരിക്കട്ടെയീ കുളങ്ങൾ

ഉണ്ടിതിൻ തീരത്ത് ആറ്റുനോറ്റു ഞാൻ

കാത്തുവെച്ചോത്തിരിപ്പച്ച

കൈക്കുടന്നയിൽ കോരി കരളിലൊളിപ്പിച്ചു

കരിയാതെന്നും കാത്തുവച്ചൊരക്ഷരപ്പച്ച്'

എന്നൊരു രഹസ്യം

സൂക്ഷിക്കുന്നുണ്ട് കവി.

കാട്, വൃക്ഷം എന്ന സങ്കല്പത്തെ ചുരുക്കുന്ന ബോൺസായി എന്ന ആധുനിക സാങ്കേതിക വിദ്യയെയും കവിതയിലൂടെ വായനക്കാരിലേക്ക് എത്തിക്കുന്നുണ്ട് അദ്ദേഹം.

വൻ വൃക്ഷമായി വളരാൻ കൊതിച്ചവനെ ബന്ധനത്തിലാക്കി ചെറുതാക്കിയതിന്റെ കുറ്റബോധമാണ് വരികളിൽ നിറയുന്നത് ) ഇനിയറുക്കില്ല വേരുകൾ, തുളച്ചുകെട്ടില്ല കമ്പികൾകൊണ്ട് ശാഖകൾ

ഒരു വൻമരമായി വളരില്ലെന്നും അതിന്റെ ചില്ലയിൽ കൂടുവെക്കാൻ ഒരു ചെറു കിളി പോലും അണയില്ലെന്നും അറിയുന്നു, എങ്കിലും നടുകയാണ്, പിച്ച നടന്ന മണ്ണിൽ, മണ്ണിര തിമിർക്കുന്ന നാട്ടുമുറ്റത്ത്.

'ഇവിടെയീ ഉർവ്വരമാം മണ്ണിൽ

വേരാഴ്ത്തി നിൽക്കുമ്പോഴേക്കും തരളിതയായി നീ ,

കൂടെയെന്നുള്ളവും

ഈ തൊടിയിലുണ്ട് നിനക്ക് കൂട്ടായി

കുളത്തിലെ തെളിവെള്ളം,

അതിൽ നിറയെ മീനുകൾ,

ഞാറ്റുവേലക്കാറ്റ്, ഞാറ്റടി പാട്ട്,

ഞാറപ്പഴം കൊത്തിയെത്തുന്ന കാട്ടുകിളി.'

,

ഇത്തിരി വെട്ടവും വെളിച്ചവും ശുദ്ധവായുവും കൊതിയ്ക്കുന്ന

ആ ചെറുവൃക്ഷം തന്നെയാണ്

താനെന്ന് സ്വയം അറിയുന്നു. ഇരുവരുടെയും നിശ്വാസങ്ങളും വിതുമ്പലുകളും ഒന്നുതന്നെയെന്നറിയുന്നു.

അതിനാൽ ജോസഫ് പൊറുക്കുക .

കൂടുതുറന്നുവിട്ട് ഈ കാവ്യവിഹായസ്സിലെത്തി, പറക്കുവാൻ കൊതിക്കുന്ന പക്ഷി പോലെ , ഈ മണ്ണിലൂന്നി നിൽക്കട്ടെ തന്റെ കവിതകൾ എന്ന് ആഗ്രഹിക്കാൻ പ്രകൃതിയുമായി, മണ്ണുമായി അത്രയും ആത്മബന്ധമുള്ള ഒരാൾക്കേ സാധിക്കൂ അതിനാൽ തന്റെ കവിതകൾക്ക് കൂട്ടായി ഈ മണ്ണിലൂന്നി നിൽക്കട്ടെ നീ തന്ന ഉണ്ണിമരവും എന്നു സുഹൃത്തിനോട് പറയുകയാണ്.

'ഇല്ലാരുമെത്തിയില്ലയിനി ചില്ലകളറുക്കുവാൻ

ഒരു നവ വസന്തത്തിനായ് പൂവൊരുക്കുക.'

റോബിൻ എഴുത്തുപുര യുടെ കവിതകൾ മിഥ്യയുടെയും യാഥാർത്ഥ്യത്തിന്റെയും സ്വപ്നങ്ങളുടെയും ഇടയ്ക്കെവിടെനിന്നോ ചിതറിവീഴുന്നതാണ് ചിലപ്പോൾ ഊഷരമായ മരുഭൂമിയിലെന്നപോലെ നമ്മെ തളർത്തുന്നു. കാടിന്റെ വന്യതകളിലേക്ക് കൂട്ടിക്കൊണ്ടുപോയി താഴ്‌വരകളുടെ ഗർത്തങ്ങളിലേ

ക്ക് തള്ളിവിടുന്നു. അപ്പൂപ്പൻതാടിപോലെ തരളമായ സ്വപ്നങ്ങളായി വിണ്ണിലലയുന്നു .

'ചൂള മരങ്ങൾ കവിത ചൊല്ലുമ്പോൾ നിലാവ് വെണ്ണക്കല്ലിൽ ചെവികൾ വച്ച് ചാഞ്ഞിരിക്കുമത്രേ'

ചിലപ്പോൾ ആ കവിതകൾ ബ്ലാക്ക് ആൻഡ് വൈറ്റ് സെൽഫികൾ പോലെ കൊച്ചുകൊച്ചു വരികളിലൂടെ വായനക്കാരോട് സംവദിക്കുന്നു. മറ്റു ചിലപ്പോഴവ ഹൈറേഞ്ചിന്റെ ഹെയർപിൻ വളവുകളിലൂടെ ശ്വാസമടക്കിപ്പിടിച്ച, എന്നാൽ ഉന്മാദം ഉണർത്തുന്നതായ യാത്ര പോകുന്നു . മലയുടെ കുളിരും കാടിന്റെ ചൂരും അവയിലുറയുന്നു.

'കാടളന്നെടുക്കുമ്പോൾ

ആനയും നരിയും ഞങ്ങളോട് കലഹിച്ചു / അവ കണ്ടുകെട്ടിയ ജംഗമങ്ങളിൽ വാഴയും കപ്പയും മാത്രമല്ല /

കുടൽമാലകളും ഉണ്ടായിരുന്നു.'

' പല കവിതകളിലും കുഞ്ചുമലകളുടെ . സാന്നിദ്ധ്യം കാണാം.

നേരങ്ങളുടെ മണറിയുന്നത്

വെയിൽ സ്റ്റോപ്പുകളെന്ന് പേരിട്ടു വിളിക്കുന്ന കുഞ്ചുമലയിലെ

കൂട്ടു മരങ്ങൾക്കു മേൽ സൂര്യനെത്തുമ്പോഴാണ്'

(കവിത വെയിൽസ്റ്റോപ്പുകൾ )

കല്യാണത്തണ്ട് (ഹൈറേഞ്ചിലെ ഒരു മലയാണ്)

'മലകയറുമ്പോൾ

പ്രായമറിയിക്കാത്ത ഒരു വെയിൽ ഞങ്ങൾക്കൊപ്പം വന്നു /

കുറിഞ്ഞിച്ചെടികളിൽ പിടിച്ച് കിതച്ചുകൊണ്ടൊരു കാറ്റും'

കെട്ടുകാഴ്ചകളുടെ ഭ്രമാത്മകതയ്ക്കൊപ്പം യാഥാർത്ഥ്യങ്ങളുടെ ഉള്ളുരുക്കങ്ങൾ ഉരുകിച്ചേർന്ന് വന്യമായ നേർക്കാഴ്ചകൾ ഒരുക്കുന്നുണ്ടവ.

' പുല്ലു വെട്ടാൻപോയി മടങ്ങിവരവേ ആനത്താരയിലരഞ്ഞ ഏതോ പകലിന്റെ ആത്മാവ്

കൊക്കോ മലയിലെ കാട്ടുതീയ്ക്കൊപ്പം ആളിപ്പടർന്നു. എന്ന് തുടങ്ങുന്ന കവിത കാടിന്റെ കാണാക്കാഴ്ചകളിലേക്ക് വായനക്കാരെ കൂട്ടിക്കൊണ്ടു പോകുന്നുണ്ട്.

.............................

നഞ്ചുകലക്കിയ കയങ്ങളിലെ വള്ളപ്പാടുകൾ മാഞ്ഞിട്ടും കാപ്പിപ്പൂമണമുള്ള

നെടുംരാത്രിയുടെ കരിങ്കോളിക്കണ്ണുകൾ പങ്കായമിനുപ്പുകളെ ഭയന്ന് ഇറുക്കിയടച്ചു '

(കവിത ഹൈറേഞ്ച്@ റിയർവ്യൂ മോഡ്)

ദിജീഷ് കെ എസ് പുരം എന്ന ശ്രദ്ധേയനായ യുവ കവി യുടെ ശിലാലിഖിതങ്ങൾ എന്ന കവിതയിൽകാടിനെ കുറിച്ച് പറയുന്നത് ഇങ്ങനെയാണ്

'നിദ്രയില്ലാത്ത മഹാ വനത്തിന്റെ

രൗദ്രസങ്കീർത്തനം

അന്തമില്ലാതെ ചൊല്ലിത്തകർക്കുന്നു

പേചീവീടുകൾ

കരുത്തിന്റെ വന്യമാമൊറ്റ ത്തേർതെളിച്ചെത്തും

വ്യാഘ്രഗർജ്ജനം ഭയപ്പിച്ച മാത്രകൾ'

ഇങ്ങനെയുള്ള കാട്ടിൽ പെയ്യുന്ന മഴ എങ്ങനെയായിരിക്കും . തിരുനെല്ലിയിലെ പെൺകുട്ടി എന്ന കവിതയിൽ ചുരം കയറുന്ന മഴയേയും ചുരമിറങ്ങുന്ന മഴയെയും കുറിച്ച് പറയുന്നുണ്ട് കരിന്തണ്ടൻ കുടിയിരിക്കുന്ന ആൽമരത്തിൽ ചങ്ങല കിലുക്കുകയാണ് മഴ പൊളിഞ്ഞ ജൈനക്കല്ലമ്പലങ്ങളിൽ പ്രാർത്ഥിച്ചു നിൽക്കുന്നുണ്ട് ഗതകാല മഴകൾ . വേനലിൻ ഖാണ്ഡവ ദാഹത്താൽ വനങ്ങൾ ചാരമാകാതിരിക്കാൻ പേമാരി തീർക്കുന്നു മേഘജാലം. നീരദ മോഹങ്ങൾ മേഘ രാഗങ്ങൾ മീട്ടുന്നു ശതകോടി സുഷുമ്ന കൾ വെള്ളിനൂൽ നാഗങ്ങൾ ദംശിച്ചുണർത്തുന്നു ഭൂമിയെ

വില്ലുപോലെ വളഞ്ഞ ചക്രവാളം തൊടുക്കുന്ന തീവ്ര വൈദ്യുതാഗ്നേയ ശരമാരികൾ ഘോരാരവങ്ങളാൽ വന മേലാപ്പിൻ പച്ചിലത്തട്ടിലൊരുക്കുന്നു മഴയുടെ വന്യമാം നൃത്തശാല . ഇവിടെ കാടും മഴയും സംഗമിക്കുകയാണ് .

ബിന്ദു തേജസിന്റെ ആത്മ നിമന്ത്രണങ്ങൾ എന്ന കവിതയിലും ഉണ്ട് കാടിനെ കുറിച്ചുള്ള മനോഹരമായ വർണ്ണനകൾ

കാടു കാണട്ടെയക്കാടകം പൂക്കട്ടെ

കാട്ടുപൂഞ്ചോലയിലൊരു പരൽ മീനായി പുളയ്ക്കട്ടെ

സ്നേഹം പുതച്ചൊരാ കന്യാവനങ്ങൾ തൻ

ഹരിത കമ്പള ശയ്യയിലമരട്ടെ

കാട്ടുതീയൊക്കുമാ പൂത്ത ചെന്തരുണീ മരം കാണട്ടെ നിർഭയാകാശ മേലാപ്പു തേടട്ടെ , ഉള്ളിലായ്ക്കോട ക്കുളിരുകോരട്ടെ എന്നിങ്ങനെയുള്ള കാഴ്ചകളാൽ മൺചിരാതൊരുക്കട്ടെ ജീവൻ സ്മൃതി സ്പന്ദനങ്ങളാലതിലെണ്ണ പകരട്ടെ എന്നാണ് കവയത്രി പറയുന്നത്.

സ്മിത ശൈലേഷ് ന്റെ പൂർവ്വജന്മ പുന:സ്മൃതി എന്ന കവിതയിൽ കവി പ്രണയിയെ

കുറിച്ച് പറയുന്നതിപ്രകാരമാണ്.

'ഞാൻ നിന്നെ അപ്പോൾ കാടെന്ന് സങ്കൽപ്പിക്കുന്നു നിന്റെ ആകാശത്തിൽ നിറയെ മഞ്ഞ മുകിലുകൾ

നിന്റെ ഭാഗത്തെ ഭൂമി പച്ചയാണ്

എന്റെ ഭാഗം വെളുത്തിരുന്നു വെള്ളമണൽ

അനന്തത. '

മലയാള കവിതയിലെ പുതിയൊരു ഊർജസ്രോതസ്സാണ് ഗോത്ര കവിതകൾ. പാരമ്പര്യ ഭാഷാ സാഹിത്യത്തിന് അത്ര പരിചിതമല്ലാത്ത ഭാഷ കൊണ്ടും ചിന്തകൾ കൊണ്ടും വ്യത്യസ്തമായ കാഴ്ചപ്പാടുകൾ കൊണ്ടും ഭാവുകത്വം കൊണ്ടും പുതുവഴികൾ സൃഷ്ടിക്കുകയാണ് ഗോത്ര കവികൾ. അവരിൽ ശ്രദ്ധേയരായ ചിലരുടെ കൃതികളെക്കുറിച്ച് ഇവിടെ പരാമർശിക്കാതെ പോകാൻ വയ്യ കാരണം ഇവരുടെ കവിതകളിലെല്ലാം പ്രകൃതിയാണ് ഏറ്റവും പച്ചപ്പുനിറഞ്ഞു തുളുമ്പുന്നത് . നാട്ടു മനുഷ്യരുടെ ആർത്തികളാലും കയ്യേറ്റങ്ങളാലും ഇടം നഷ്ടപ്പെടുന്ന മനുഷ്യരുടെയും മൃഗങ്ങളുടെയും പരിസ്ഥിതിയുടെയും നിസ്സഹായതയാണ് ഇവരുടെ കവിതകളിൽ മുഴങ്ങി കേൾക്കുന്നത്

എന്നെയൊരു
കാടായ്കാണാതിരുന്നാൽ,
ഒരു കാട്ടാറായ് കാണാതിരുന്നാൽ,
ചോലവസന്തങ്ങളുടെ
കാവൽക്കാരനായ് കാണാതിരുന്നാൽ,
വീണ്ടും നാമൊരിക്കൽ
കണ്ടുമുട്ടാം
ഇതെല്ലാം നീയ്യെന്ന്
നിനക്കറിയാഞ്ഞിട്ടല്ലല്ലൊ.

അശോകൻ മറയൂരിന്റെ കവിതയിൽ നിന്നാണ്

സ്നേഹ സാന്ദ്രവും സൗന്ദര്യാത്മകവുമായ ഹരിത കലാരൂപത്തിനാണ് അശോകൻ എഴുത്തിലൂടെ തുടക്കം കുറിച്ചിരിക്കുന്നതെന്ന് പ്രശസ്ത കവി സച്ചിദാനന്ദൻ . പൊറാമല എന്ന ശ്രദ്ധേയമായ കവിതയിൽ അശോകൻ വിവരിക്കുന്നത് മുതുവാൻ സമുദായത്തിലെ വംശ ചരിത്രമാണ്. കണ്ണകി മധുരാപുരി ചുട്ടെരിച്ചപ്പോൾ അവശേഷിച്ച ഒരു കുഞ്ഞിനെയും മുതുകിൽ ചുമന്ന് മധുര മീനാക്ഷിയുടെ അനുവാദത്തോടെ മറയൂർ കാടുകളിൽ എത്തിയതിന്റെ ഐതിഹ്യവും വനഭൂമിയിൽ സമ്പന്നമായ ഒരു സംസ്കാരം കെട്ടിപ്പടുത്തതിന്റെ ചരിത്രവുമാണ് പൊറാമല എന്ന നീണ്ട കവിത

ജൈവ വൈവിധ്യങ്ങളുടെ കലവറയാണ് കാട്ടുനായ്ക്ക ഭാഷയിൽ എഴുതുന്ന ബിന്ദു ഇരുളത്തിന്റെ കവിതകൾ. അവിടുത്തെ കാട് സസ്യലതാദികളുടെ അനുഭവങ്ങൾ. സ്വന്തം ജീവിതാനുഭവങ്ങളെ കാടിനോടും കാടിനുള്ളിലെ സഹജീവികളോടുമൊപ്പം ചേർത്തുവയ്ക്കുന്ന സാഹോദര്യമാണ് ബിന്ദുവിന്റെ കവിതകളിൽ കാണാനാകുന്നത്. .

ശാന്തി പനയ്ക്കലിന്റെ ഉറവ് എന്ന കവിതയുടെ മലയാള പരിഭാഷ

ഒറ്റ ചില്ലിട്ട ആകാശം പൊട്ടി
കാർമേഘ കുഞ്ഞു മണ്ണിൽ വീണു
മരം ചിരിച്ച ചാലിൽ
കൺതുറന്ന് ഉറവ പെറ്റ കുഞ്ഞു പെണ്ണ്
പുഴയായി ഒഴുകെന്ന് കാറ്റു പറഞ്ഞു
കടലായിത്തീരെന്ന് വെയിലും പറഞ്ഞു
സ്വപ്നം കണ്ട കണ്ണിൽ കുത്തി
കല്ലിട്ടടച്ച തൊണ്ടയ്ക്ക്
വെള്ളത്തിന് ദാഹം.

പോരാടാൻ സമരത്തേക്കാൾ നല്ലത് എഴുത്താണ്' എന്ന് പറയുന്ന സുകുമാരൻ ചാലിഗദ്ദ യുടെ കവിതകളിലെ സ്ഥിരം ബിംബങ്ങളാണ്

കാടും മേടും മഴയും പുഴയും പൂക്കളും

റാവുള ഭാഷയിലാണ് എഴുതുന്നതെങ്കിലും മിക്കവാറും എല്ലാ കവിതകളും മലയാ

ള ഭാഷയിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്

എഴുത്തിനിരുത്താതെ
അച്ഛൻ ആദ്യം കാണിച്ചുതന്നത്
കാടാണ്.

പറഞ്ഞ കഥ ജീവിതമായിരുന്നു
അദ്ദേഹത്തിന്റെ കാട് എന്ന കവിതയിലെ വരികളാണ് ഇത്.

ഗോത്രജീവിതം അടയാളപ്പെടുത്തിയ പ്രകൃതിയുടെ പാഠപുസ്തകമാണ് സുകുമാരൻ ചാലിഗദ്ദയുടെ കവിതകൾ. കാടാണ് ഗോത്രജനതയുടെ പാഠപുസ്തകം. പഠിക്കുന്തോറും അറിവിന്റെ പുതിയ വാതായനങ്ങൾ തുറന്നിടുന്ന മഹാ പാഠശാല. മനുഷ്യന് കൈമാറാൻ കഴിയുന്ന അറിവുകൾക്ക് പരിമിതികളുണ്ട്. അതുകൊണ്ടാണ് എഴുത്തിനിരുത്തുന്നതിന് പകരം അച്ഛൻ അവർക്ക് കാട് കാണിച്ചുകൊടുത്തത്.


ഗോത്രവർഗക്കാരുടെ ജീവിതം, സംസ്കാരം, ആചാരാനുഷ്ഠാനങ്ങൾ, അതിജീവന കഥകൾ, വേദനകൾ തുടങ്ങിയവയെല്ലാം അദ്ദേഹത്തിന്റെ കവിതയിൽ നിറയുന്നു.

മരപ്പഴം പറിച്ചും പുഴകൾ ചാടിക്കടന്നും വില്ലുകൾ കുലച്ചും കാടിന്റെ മണം നുകർന്നുമാണ് അവർ പഠനം തുടങ്ങിയത്. കാടിനെ വരച്ചാണ് കാറ്റ്, പുഴ, പൂക്കൾ, വെയിൽ, പക്ഷി, മൃഗം, സമ്പത്ത് എന്നിവയെ അവർ കൂടെക്കൂട്ടുന്നത്. (എന്റെ കുട്ടികൾ കാടിനെ വരച്ചു എന്ന കവിത)

സമകാലികരായ നിരവധി കവികൾ കാടിനെയും പ്രകൃതിയെയും അടയാളപ്പെടുത്തിയിട്ടുണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കുന്നത്
പ്രശസ്ത കവി ഡി വിനയചന്ദ്രന്റെ കവിതയിലാകണമെന്ന് മനസ്സ്പറയുന്നു. കാടും കടലും ഉൾക്കൊള്ളുന്ന ഒരു ആവാസ വ്യവസ്ഥ തന്നെ കവിതയിലേക്കു കൊണ്ടുവന്നയാളാണ് വിനയചന്ദ്രൻ. നഗരത്തിരക്കിൽ നിന്നും രക്ഷപ്പെടാനുള്ള ഒരു അഭയ സങ്കേതമത്രെ കവിക്കു കാട്. കാട്ടുപൂവിന്റെ മണം പടർത്തുന്ന ഉന്മാദത്തിൽ കവി നൃത്തം ചെയ്യുമ്പോഴും താൻ കൂട്ടിലടയ്ക്കപ്പെട്ട മൃഗ ത്തെപ്പോലെ സ്വാതന്ത്ര്യമില്ലാതെയാണു കാടിന്റെ കാഴ്ചകൾ കാണുന്നതെന്നു കവി സങ്കടപ്പെടുന്നതു കാണാം.
അദ്ദേഹത്തിന്റെ കാട് എന്ന കവിത
ആരംഭിക്കുന്നത്
'ഞാനെന്തു പേരിടും
കാട്ടിലെ കാരണവന്മാർക്ക് എന്ത് പേരിടും 'എന്നുള്ള ചോദ്യത്തോടെയാണ്.

'ആ ആ എന്നൊന്ന് തുടങ്ങിയാൽ പിന്നെയുമാദ്യം തുടങ്ങും മരങ്ങൾ പടർപ്പുകൾ
കോടാനു കോടി ആവർത്തിച്ചു പോകിലും
കോടിക്കവസാനമില്ലാത്ത കല്ലുകൾ
കേറി വരുന്തോറുമൂറ്റം പ്രണയത്തിന്നേറി വരുന്നൊരു കുന്നും മുടികളും
ചുറ്റിയിറങ്ങി കറങ്ങി തളരിലും
തെറ്റി നിൽക്കുന്ന താഴ്വാരങ്ങൾ മേടുകൾ
. ഞാൻ എന്തു പേരിടും
കാട്ടിലെ കൂട്ടുകാർക്കെന്തു ഞാൻ പേരിടും ?കാണുന്നു കാണാത്ത വർണ്ണങ്ങൾ
കേൾക്കുന്നു കേൾക്കാത്ത ശബ്ദങ്ങൾ
രാപകൽ എണ്ണിയടങ്ങാത്ത ഗന്ധങ്ങൾ
മാരിവെയിലെണ്ണി മാറാത്ത കാറ്റുകൾ
പൂർണ്ണ വിരക്ത മാം ധ്യാനഖണ്ഡങ്ങൾ
സംപൂർണ്ണമാകാത്ത രതിപ്രകാണ്ഡങ്ങളും.
ഞാൻ എന്ത് പേരിടും?
ഒടുവിൽ കവി തീരുമാനിക്കുന്നത് തന്റെ തന്നെ പേരിടും എന്നാണ്. കാടുമായി അത്രയേറെ താദാത്മ്യം പ്രാപിച്ച ഒരാൾ എങ്ങനെ മറ്റൊരു പേരിടും.

മലയാള കവിതയിലെ കാടും പ്രകൃതിയും തിരഞ്ഞു പോയാൽ നിരവധി കവികൾ എണ്ണമറ്റ
കവിതകളിലൂടെ അടയാളപ്പെടുത്തി വെച്ചിരിക്കുന്നതായി കാണാം. അതെല്ലാം കണ്ടെത്തി അവതരിപ്പിക്കാൻ സമയവും കാലവും ഒത്തു വരികയില്ല എന്ന പരമമായ യാഥാർത്ഥ്യത്തെ ഉൾക്കൊണ്ടുകൊണ്ട് എന്റെ വായനയിൽ ഇടംപിടിച്ച കാടിനെ കുറിച്ചും പ്രകൃതിയെക്കുറിച്ചും മലയാള കവിതകളിൽ വന്നിട്ടുള്ള ഏതാനും കവിതകൾ മാത്രമാണ് അല്ലെങ്കിൽ ഏതാനും കവികളെ മാത്രമാണ് ഈ വിഷയത്തിലൂടെ നിങ്ങൾക്ക് മുന്നിൽ എത്തിക്കാൻ ശ്രമിച്ചിട്ടുള്ളത്. എങ്കിലും കാടു പൂക്കുന്നുണ്ടകതാരിൽ എവിടെയോ. ഇല്ലേ?




# ഓപ്പൺ ഡേ

- ബഷീർ പി.എ

‘ പോയി നാമിത്തിരി വ്യാകരണം
വായിലാക്കീട്ടു വരുന്നു മന്ദം
നാവിൽ നിന്നെപ്പോഴെ
പോയ്ക്കഴിഞ്ഞു
നാനാ ജഗന്മനോരമ്യ ഭാഷ.‘
(പള്ളിക്കൂടത്തിലേക്ക് വീണ്ടും - ഇടശ്ശേരി)

ഏറെ പ്രശസ്തവും ചിന്തനീയവുമായ ഈ വരികൾ കേൾക്കാത്തവരുണ്ടാകുമോ? കാലമേറെ കഴിഞ്ഞിട്ടും ഇതൊരു നഗ്ന സത്യമായി തുടരുകയല്ലേ?

അതുവരെ പ്രകൃതിയുടെ ഭാഷ മാത്രം അറിഞ്ഞിരുന്ന, അച്ഛനും അമ്മയും വീടും പൂക്കളും കിളികളുമാണ് ലോകം എന്ന് കരുതിയിരുന്ന കുഞ്ഞ് ആദ്യമായി പള്ളിക്കൂടത്തിലേക്ക് പോകാനിറങ്ങുമ്പോൾ പ്രകൃതിയുടെ ലോകം അവന് അന്യമാകുകയാണെന്ന സത്യം കവിയെ വേദനിപ്പിക്കുന്നു.

അവനവനെത്തന്നെ കണ്ടെത്തുന്നതാകണം വിദ്യാഭ്യാസം. അതിന് പ്രാപ്തമാകുന്നതാണോ ഇന്നത്തെ വിദ്യാഭ്യാസം? ഇവിടെയാണ് ശ്രീ. ബഷീർ പി.എ എഴുതിയ ’ ഓപ്പൺ ഡേ ’ എന്ന പുസ്തകത്തിന്റെ പ്രസക്തി.

കുട്ടികളുടെ പഠന വൈകല്യങ്ങൾ തിരിച്ചറിഞ്ഞ് അവർക്ക് ജീവിത വിജയം നേടിക്കൊടുക്കുന്നതിന് അധ്യാപകരുടെയും രക്ഷിതാക്കളുടെയും സമയോചിതമായ പ്രവർത്തനങ്ങളിലൂടെ മാത്രമേ സാധിക്കൂ. പുതിയ കാലത്തെ കുട്ടികൾ, അവരുടെ കാഴ്ച്ചപ്പാടുകൾ, അവകാശങ്ങൾ, നേടിയെടുക്കേണ്ട നൈപുണികൾ, നവീന സാധ്യതകൾ എന്നിവയെക്കുറിച്ച് സാമാന്യം അറിവ് അധ്യാപകർക്കും രക്ഷിതാക്കൾക്കും കൂടിയേ തീരൂ. വളരെ ലളിതമായ ഭാഷയിൽ ആധുനിക ശാസ്ത്രീയ വിജ്ഞാനങ്ങളുപയോഗിച്ച് എഴുത്തുകാരൻ നടത്തുന്ന വിശകലനങ്ങൾ കുട്ടികളിൽ സ്വയം തിരിച്ചറിവുണ്ടാകാനും അധ്യാപകർക്കും രക്ഷിതാക്കൾക്കും സമയോചിതമായ ഇടപെടലുകൾ നടത്താനും സഹായകമാണ് എന്ന് നിസ്സംശയം പറയാം.


വളരെ ലളിതമായ ഭാഷയിൽ എഴുതിയ ഈ പുസ്തകത്തിന്റെ രണ്ടാം പതിപ്പ് പുറത്തിറക്കുന്നത് കാൻഫെഡാണ്.



സജന സന്തോഷ്

# ചെതുമ്പലുകളാൽ മൂടിയ ജീവിതങ്ങൾ

പുസ്തക പരിചയം




യുവ എഴുത്തുകാരിയായ നിത്യാലക്ഷ്മി. എൽ. എൽ.ന്റെ ചെറുകഥാസമാഹരമായ 'ചെതുമ്പലുകളെ' കുറിച്ച് കുറച്ചു വരികൾ. പെൺചരിതങ്ങൾ എന്ന തന്റെ ആദ്യ പുസ്തകത്തിൽ പതിനെട്ട് സ്ത്രീ കഥാപാത്രങ്ങളെയാണ് എഴുത്തുകാരി അവതരിപ്പിച്ചതെങ്കിൽ, പ്രേമവും മരണവും നിരാശയും പ്രതീക്ഷയും സങ്കടവും ഒക്കെ നിറഞ്ഞു നിൽക്കുന്ന ഒൻപത് കഥകൾക്കാണ് ചെതുമ്പലുകൾ എന്ന പുസ്തകത്തിലൂടെ ജീവൻ നൽകിയിരിക്കുന്നത്.. ആദ്യ കഥയായ 'ചെതുമ്പലുകളില്ലാത്ത ഞാൻ' എന്ന ചെറുകഥ തന്നെയാണ് പുസ്തകത്തിന്റെ പേരിന് കാരണമായിരിക്കുന്നത്. ആ കഥ തന്നെയാണ് പുസ്തകത്തിന്റെ ജീവനാഡിയെന്നും ഒരർത്ഥത്തിൽ പറയാം. അത്രയധികം വായനക്കാരുടെ ഉള്ളിലേക്ക് ഇറങ്ങിചെല്ലാൻ ആ കുഞ്ഞു കഥയ്ക്കാവുന്നുണ്ട്. പ്രണയം എന്ന മനോഹരമായ വാക്കിനെ ഓർമ്മയിൽ നിന്നും എന്നെന്നേക്കുമായി മായ്ച്ചു കളയേണ്ടി വരുന്ന ഒരു പെൺകുട്ടിയുടെ മാനസികാവസ്ഥ അതിമനോഹരമായാണ് എഴുത്തുകാരി അവതരിപ്പിച്ചിരിക്കുന്നത്.

അത് പോലെ സ്വന്തം അച്ഛനെ ഭയന്ന് തന്റെ സ്ത്രീത്വം ഉപേക്ഷിച്ചു പുരുഷനായി മാറേണ്ടി വന്ന ഒരു പെൺകുട്ടിയുടെ മാനസികാവസ്ഥ നമുക്ക് ഊഹിക്കാൻ കഴിയുമോ!

മനുഷ്യർക്ക് മാത്രമല്ല ഈ ഭൂമിയിലെ ഏത് ജീവജാലങ്ങൾക്കും ആത്മാർത്ഥമായി സ്നേഹിച്ച തന്റെ ഇണയെ മരണം കൊണ്ട് പോയാൽ ഉണ്ടാക്കുന്ന അവസ്ഥയെക്കുറിച്ചു 'രണ്ട് കാക്കകൾ' എന്ന കഥയിൽ അവതരിപ്പിച്ചിരിക്കുന്നത് വായിക്കുമ്പോൾ ഏതൊരാൾക്കും ആ വേദനയിലൂടെ കടന്ന് പോകാൻ സാധിക്കും. അക്ഷരങ്ങളെ സ്നേഹിച്ച ഒരുവന്റെ കാവ്യ ഭാവനയ്ക്ക് അവിഹിതം എന്ന ഓമനപ്പേര് ചർത്തിക്കൊടുത്ത്, വിവാഹമോചനം ആവശ്യപ്പെടുന്ന ഒരു ഭാര്യയെ ഈ പുസ്തകത്തിന്റെ പേജുകൾക്കിടയിൽ നമുക്ക് കാണാൻ കഴിയും. മനസിലാക്കലും പൊരുത്തപ്പെടലുമാണ് ജീവിത വിജയം എന്ന് വായനക്കാർക്ക് മനസിലാക്കിത്തരാൻ ആ കഥയിലെ വരികൾ തന്നെ ധാരാളം.

പ്രകൃതിയിലെ ഓരോ വസ്തുവിനും ജീവനുണ്ടെന്ന് തോന്നിപ്പിക്കുന്ന അതിമനോഹര പ്രണയങ്ങൾ കാണാൻ ഈ പുസ്തകത്തിലെ കഥകളിലൂടെ വായനക്കാർക്കാകുമെന്ന് എന്റെ വായനയുടെ വെളിച്ചത്തിൽ ഉറപ്പ് നൽകുന്നു. ആത്മാഭിമാനം നഷ്ടപ്പെട്ട്, സ്വന്തം കുഞ്ഞുങ്ങളെയും കൊണ്ട് മരണം തേടിപോകുന്ന അമ്മമാരെ 'സ്വന്തം കുഞ്ഞുങ്ങളെ കൊന്ന കൊലപാതകികൾ' എന്ന് വിശേഷപിക്കുന്നവർക്കെല്ലാം ആ മരണത്തിന്റെ ഉത്തരം മനസിലാക്കി കൊടുക്കാൻ എഴുത്തുകാരിക്ക് 'സാക്ഷ്യം' എന്ന കഥയിലൂടെ സാധിക്കുന്നുണ്ട്. അങ്ങനെ മനസ്സിലേക്ക് ഊളിയിട്ടിറങ്ങുന്ന ഒൻപത് ജീവൻ തുടിക്കുന്ന കഥകളുടെ ഒത്തു ചേരലാണ് കെ സീറോ പബ്ലിക്കേഷൻസ് പുറത്തിറക്കിയിരിക്കുന്ന 'ചെതുമ്പലുകൾ' എന്ന കഥാസമാഹാരം.



**പ്രശാന്ത് എസ്.ആർ.**




കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ, നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച് മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന ഓരോ ചെറിയ വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര മാതൃകയാവട്ടെ...

കുട്ടികളുടെ മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ.. വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക... ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***

**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ് ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. vyaparakeralam@gmail.com എന്ന ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച



**കവിത.**

## എന്റെ സ്വന്തം നാട്

എന്തൊരു ഭംഗി
കേരള നാട്
കേര മരങ്ങൾ
നിറയും നാട്

കുഞ്ചൻ തുഞ്ചൻ
പിറന്ന നാട്
ഇന്ത്യതൻ കാൽ ചിലങ്കയായ നാട്

പാടങ്ങൾ നിറഞ്ഞ നാട്
എന്തൊരു രസമാണീ നാട്
എന്റെ സ്വന്തം നാട്
എന്റെ സ്വന്തം കേരളം

**ജൊവാൻ മേരി** N.J
IV.A, St Mary's
CBPS Kottekkadu.

## ഇനി ഞങ്ങൾ ഒരു കഥ പറയാം

ഗാസയിലെ
രക്തഭൂമിയിലേക്ക്
സ്വാഗതം.

ഇവിടെ നിങ്ങൾ
പൂവുകളെപ്പറ്റിയും
മരങ്ങളെപ്പറ്റിയും
ഒന്നും മിണ്ടരുത്.

പകരം, ഞങ്ങൾ
പുകക്കൂണുകളെപ്പറ്റി,
ചോരയൊലിച്ച മുഖങ്ങളെപ്പറ്റി,
ഭൂപടത്തിൽ
പൊട്ടുകൾ മാത്രമായിത്തീരുന്ന
ഞങ്ങളുടെ ദേശത്തെപ്പറ്റി,
കുഞ്ഞുങ്ങളുടെ
നിഷ്കളങ്കമായ ചിരികളുടെ
തേങ്ങലിനെപ്പറ്റി,
പിറക്കാൻ അവകാശമില്ലാത്ത
സ്വപ്നങ്ങളെപ്പറ്റി പറയാം.

കൊതി തീരും വരെ ആകാശം
കണ്ടവരുടെയും
ആ ആകാശത്തെ
കരിച്ചുകളഞ്ഞ
യുദ്ധപ്രേമികളുടെയും
ഇന്നീ മണ്ണും വിണ്ണും സമുദ്രവും
കൈപ്പിടിയിൽ ഒതുക്കിയ
നേതാക്കളുടെയും
കഥകൾ ഒരു പുഞ്ചിരിയോടെ
പറഞ്ഞു തരാം.

**ചിന്ത** P K
ക്ലാസ്സ് 10
G.V.H.S.S Karakurussi



# വിചിന്തനം

**നാ**ളുകൾക്ക് ശേഷം തറവാട്ടിലെഎന്റെ മുറിയിലെ അലമാര വൃത്തിയാക്കിയപ്പോൾഅതിനുള്ളിൽ നിന്നു കിട്ടിയ ഖലീൽ ജിബ്രാന്റെ 'ദി പ്രൊഫറ്റ്'എന്ന പുസ്തകം പൊടി തട്ടി കളഞ്ഞ് ഒരിക്കൽ കൂടി വായിക്കാനുള്ള ആകാംക്ഷയോടെ ഞാൻ എന്റെ പഴയ സ്റ്റഡി ടേബിളിൽവന്നിരുന്നു.എത്രയോ വർഷങ്ങൾക്കു ശേഷമാണ് തറവാട്ടു വീട്ടിൽ എത്തപ്പെട്ടിട്ടുള്ളത്! അന്ന് ജീവിതത്തിൽഏറ്റവും സ്നേഹിച്ച, ഇഷ്ടപ്പെട്ട, തറവാട്ടു വീടിനോട് കണ്ണീരോടെ യാത്ര പറഞ്ഞിറങ്ങിയ പതിനഞ്ചുകാരിഇന്ന് മുഖത്ത് ഗൗരവവും, മനസ്സിനു കരുത്തുമുള്ളഅദ്ധ്യാപികയായി തിരിച്ചെത്തിയിരിക്കുന്നു.അപ്രതീക്ഷിതമായ അച്ഛന്റെ മരണവും തുടർന്നുണ്ടായ ഈ ഗ്രാമത്താടുള്ള വിട പറയലും വലിയആഘാതമാണ് മനസ്സിനുണ്ടാക്കിയത്.അന്ന് അമ്മാവനോടൊത്ത് ഗ്രാമ വിശുദ്ധിയോട് യാത്ര പറഞ്ഞ് നഗരം എന്ന അദ്ഭുതങ്ങളുടെ ലോകത്തേക്ക് യാത്ര തിരിക്കുമ്പോൾ ഇനി എന്നെങ്കിലും ഇവിടേക്ക് ഒരു തിരിച്ചുവരവുണ്ടാകുമോഎന്ന സങ്കടമായിരുന്നു മനസ്സുനിറയെ. പിന്നീട് പഠനത്തിനിടയിൽ ആ ചിന്തയെല്ലാം മനസ്സിൽ നിന്ന് പോയ് മറഞ്ഞു. പഠിച്ചു, അദ്ധ്യാപികയായി, കുടുംബിനിയായി ഇന്ന് വർഷങ്ങൾക്കു ശേഷം തന്റെബാല്യകാല സ്മരണകൾ ഉറങ്ങുന്നിടത്തേക്ക് തിരിച്ചെത്തിയിരിക്കുന്നു.

മേശയുടെ മുന്നിലുള്ള തടി കസേരയിൽ ഇരിപ്പുറപ്പിച്ച്, കണ്ണട നേരെയാക്കി ഞാൻ ഖലീൽജിബ്രാന്റെ കവിതകളുടെ മായിക ലോകത്തേക്ക് ഊർന്നിറങ്ങാൻ തയ്യാറായി. തടിയൻപുസ്തകത്തിന്റെ താളുകൾ നിവർത്തിയപ്പോൾ പഴമയുടെ മണം നിറഞ്ഞുനിന്നു.പെട്ടെന്നാണ് എന്റെ കാഴ്ച മറച്ചു കൊണ്ട് കണ്ണടയുടെ ഗ്ലാസിനു മുകളിൽ രണ്ടു കുഞ്ഞുകൈപ്പടങ്ങൾ വന്നു പതിഞ്ഞത്.' അമ്മേ സർപ്രൈസ്...'കണ്ണുകൾ മറച്ചിരുന്ന കൈകൾ എടുത്തുമാറ്റി എന്റെ കൈകളിൽ ഒരു ഗ്രീറ്റിങ് കാർഡ് വെച്ചുതന്നു കൊണ്ട് മിയ പറഞ്ഞു 'ഹാപ്പി മദേഴ്

സ് ഡേ'.ഇന്ന് മദേഴ്സ് ഡേ ആണെന്ന് അപ്പോഴാണ് ഞാൻ ഓർക്കുന്നത്.'താങ്ക് യൂ.'അവളുടെ കവിളിൽ പതുക്കെ നുള്ളിക്കൊണ്ട് ഞാൻ പറഞ്ഞു.ഞാൻ ആ ഗ്രീറ്റിംഗ് കാർഡ് തുറന്നു നോക്കി.

പൂമ്പാറ്റകളുടെ ചിത്രം വരച്ച് അലങ്കരിച്ചതാണ്ഗ്രീറ്റിംഗ് കാർഡ്. ഒപ്പം മദേഴ്സ് ഡേ യേക്കുറിച്ചും അമ്മയോട് നന്ദിപറഞ്ഞും കുറച്ചു വാക്കുകളും.അടുത്ത് വെച്ചിരുന്ന ഫോണിൽ നിന്ന് മെസ്സേജുകൾ വരുന്നതിന്റെ ശബ്ദം നിരന്തരം കേട്ടുകൊണ്ടേയിരുന്നു. ഞാൻ ഫോണെടുത്ത് വാട്ട്സ്ആപ് തുറന്നു നോക്കി. കോളേജ്ഫ്രണ്ട്സിന്റെ ഗ്രൂപ്പിലാണ് മെസ്സേജുകൾ വന്നു കൊണ്ടിരിക്കുന്നത്.മദേഴ്സ് ഡേ പ്രമാണിച്ച് അമ്മയുമായുള്ള ഒരു അനുഭവം പങ്കുവയ്ക്കാൻപറഞ്ഞിരിക്കയാണ് എല്ലാ മെമ്പേഴ്സിനോടും. മികച്ച അനുഭവത്തിന് സമ്മാനവുമുണ്ട്. എല്ലാവരും തങ്ങളുടെ അനുഭവങ്ങൾ പങ്കു വെച്ചുതുടങ്ങിയിരുന്നു.എന്താണ് ഞാനെഴുതേണ്ടത്?അമ്മയുമായി അത്ര നല്ല ഓർമ്മകൾ വിരളമാണ്.കുഞ്ഞായിരുന്നപ്പോൾ അമ്മയായിരുന്നു ഏറ്റവും അടുത്തകൂട്ടുകാരി.അമ്മയോടായിരുന്നു എല്ലാ കാര്യങ്ങളും പങ്കു വെച്ചിരുന്നത്. അമ്മയില്ലാതെഒരിടത്തേക്കും പോകുമായിരുന്നില്ല. എന്നാൽ വളരും തോറും ആ ആത്മബന്ധംകുറഞ്ഞുവന്നു. അമ്മ എനിക്ക് ഇപ്പോഴും പഴയ കാലത്ത് ജീവിക്കുന്ന, ലോകപരിചയമില്ലാത്തഒരു ആളായി. ഇടയ്ക്കിടെ അമ്മയുമായി ചെറിയകാര്യങ്ങൾക്കു പോലും വഴക്കിട്ടു. എന്നാൽ അമ്മ അതൊന്നും അത്ര കാര്യമാക്കിഎടുത്തിരുന്നില്ല. അമ്മയുടെ കണ്ണുകളിൽ ഞാൻ എന്നും കുഞ്ഞുകാര്യങ്ങൾക്കുപിണങ്ങുന്ന, പാവയ്ക്കു വേണ്ടി ചിണുങ്ങുന്ന അമ്മയുടെ സ്വന്തം മാളൂട്ടിയായിരുന്നു.അമ്മ മരിക്കുമ്പോൾ ഞാൻ ഹോസ്റ്റലിലായിരുന്നു. അവസാനമായി, വളരെ നാളുകൾക്കുശേഷം, അമ്മയെ കാണാനായെത്തി.അമ്മയുടെ ആഗ്രഹം പോലെത്തന്നെ, തറവാട്ടു മണ്ണിൽ തന്നെയാണ് അമ്മ ഉറങ്ങുന്നത്.അമ്മയുടേതെന്ന് പറഞ്ഞ് ഓർക്കാൻ അമ്മ ഇടയ്ക്കിടെ എന്നോട് പറയുമായിരുന്നഒന്നു മാത്രമെ ഉള്ളൂ.

പഴഞ്ചൻ ചിന്ത എന്നു പറഞ്ഞു ഞാൻ പുച്ഛരിച്ചു തള്ളിയിരുന്ന ഒന്നുമാത്രം.' എപ്പോഴും മറ്റുള്ളവർക്കു ഉപകാരം ചെയ്യണം. നമുക്ക് അതിൽനിന്നു എന്ത് ലാഭംഉണ്ടാകുന്നു എന്നതല്ല പ്രധാനം.

മറ്റുള്ളവർക്ക് അത് എത്രത്തോളം ഉപകരിക്കുന്നുഎന്നതാണ്."അമ്മേ, ദേ നോക്ക്യേ.'മിയയുടെ വിളി എന്നെ ചിന്തകളുടെ ലോകത്തുനിന്ന്തിരിച്ചു കൊണ്ടുവന്നു.ജനാലയ്ക്കരികിൽ നിന്നു കൊണ്ട് അവൾ കൈ മാടി വിളിക്കുകയാണ്. ഞാൻ അങ്ങോട്ട്ചെന്നു.

'അമ്മേ, ദേ, നോക്ക്, ഒരു പൂമ്പാറ്റ.'അവൾ കൈ ചൂണ്ടി കാണിച്ചുതന്നു.കാലങ്ങളായി വൃത്തിയാക്കാത്ത പറമ്പിലെ അമ്മയുടെ കുഴിമാടത്തിനു മുകളിൽ പടർന്നുകിടക്കുന്ന വള്ളിപടർപ്പുകളിൽ വിരിഞ്ഞു നിൽക്കുന്ന കൊച്ചു പൂവ്. അതിനു ചുറ്റും പറന്നു നടക്കുന്ന വെള്ള ചിറകുകളുള്ള ഒരു പൂമ്പാറ്റ.ആ കാഴ്ച കണ്ടപ്പോൾ പെട്ടെന്ന് അമ്മയുടെ ഉപദേശം എന്റെ മനസ്സിലേക്ക് കടന്നു വന്നു.മറ്റുള്ളവർക്ക് ഒന്നും പ്രതീക്ഷിക്കാതെ സഹായം ചെയ്തിരുന്നവളായിരുന്നു അമ്മ ; ആപൂവിനെ പോലെ. അമ്മ പകർന്നു തന്ന അറിവിന്റെ തേൻ ഉണ്ട് ഞാൻ വലിയവളായി; എന്നാൽ അതിനു കാരണമായ അമ്മയെ ഞാൻ മറന്നു പോയി.

എന്റെ ചിന്തകളെ ഭേദിച്ചുകാണ്ട് മോളുടെ കൊഞ്ചുന്ന ശബ്ദം എന്റെ കാതിൽപതിഞ്ഞു. 'എന്ത് ഭംഗിയാല്ലെ അമ്മെ ....,'അതെ, അമ്മയെ കാണാൻ എന്ത് ഭംഗിയായിരുന്നു...'

**ഗായത്രി ഗോപകുമാർ**
std 9
ജെ.എം ജെ .ഇ.എം.എച്ച്. എസ്സ്.എസ്സ്.
അത്താണി, തൃശ്ശൂർ




**ആൽഫസ് മാരിയോ ലിജോ, സെന്റ് അലോഷ്യസ് സ്കൂൾ എൽത്തുരുത്ത്**, STD 5,



**ലിവിൻ ജോയ്, സെന്റ് അലോഷ്യസ് സ്കൂൾ എൽത്തുരുത്ത്**

# കിറ്റിയിലെ അക്ഷരങ്ങൾ

ഇവാ ചെമ്പനീർപ്പൂക്കളിൽ കാതോർത്തുനിന്നു
പേടിയുടെയും മരണത്തിന്റെയും ശബ്ദങ്ങൾ.
ഓഷ്വിറ്റ്സിൽ ആനിന്റെ മുടിയിഴകൾ
ഇരുളിലേക്ക് ചേർന്നുനിന്നു.
ക്വാക്ക്, ക്വാക്ക് കുമാരി കിലുക്കാംപെട്ടി സ്വരങ്ങൾ
കനൽമണ്ണിൽ അലിഞ്ഞുചേർന്നു.
കൂടെ ആനിന്റെ പാതിജീവനും.
ചെമ്പനീർപ്പൂക്കളുടെ നിറം കൊഴിഞ്ഞുവീണു.
ഓഷ്വിറ്റ്സിന്റെ വിഷവാതകത്തിൽ പനിനീരിന്റെ നിറം
മരണത്തിന്റെ ചോരക്കട്ടയെപ്പോലെ തുടുത്തുനിന്നു.
ഓഷ്വിറ്റ്സിൽ സൂര്യൻ ഉദിച്ചിരുന്നില്ല.... രാത്രികളുമില്ല...
ബെർഗൻ-ബെൽസെനിലെ മുള്ളുവേലികൾക്കപ്പുറത്ത്
ചുവന്നു തുടുത്ത കവിളുള്ള ഹന്നേലി പ്രത്യക്ഷപ്പെട്ടു.
ആനും ഹന്നേലിയും ഓർമ്മകളുടെ
സ്വപ്നത്തിലേക്ക് മടങ്ങി.
മാർഗോയുടെ കണ്ണുകൾ അടയാൻ തുടങ്ങി.
ആൻ പൂർണ്ണമായി ഇരുളിലേക്കുദിച്ചു.
ആനിന്റെ പുഞ്ചിരിയും തേങ്ങലും ചലനം നിർത്തി.
നിലാവെളിച്ചത്തിനടുത്തായി മി.ഫ്രാങ്ക് കിറ്റിയെ ഉയർത്തി.
പനിനീർപ്പൂവിന് മുകളിലായി കിറ്റിയിലെ അക്ഷരങ്ങൾ!

**അൽഹ സീൻ**
എ.യു.പി.എസ് പൊമ്പ്ര